# ദീപനാളം

കലാസാംസ്കാരിക ദേശീയവാരിക

2023 സെപ്റ്റംബർ 21 | ദീപം 56 | നാളം 28 | Published from : PALA | പേജ് 16 | വില 8 രൂപ | www.deepanalam.org


# പുതിയ ലോകക്രമത്തിനു തുടക്കമിട്ട് ജി 20



തോമസ് കുഴിഞ്ഞാലിൽ



നമ്മുടെ രാജ്യം പ്രശസ്തിയുടെ കൊടുമുടിയിൽ നിൽക്കുന്ന അവസരമാണല്ലോ ഇത്. ചന്ദ്രന്റെ ദക്ഷിണധ്രുവത്തിൽ ആദ്യമായെത്തിയ ചന്ദ്രയാൻ 3 നു പിന്നാലെ സൂര്യപര്യവേക്ഷണത്തിനയച്ച ആദിത്യ എൽ 1 നെ വിജയകരമായി ലക്ഷ്യസ്ഥാനത്തെത്തിച്ചതും ബഹിരാകാശചരിത്രത്തിലെ നാഴികക്കല്ലുകളാണ്. അസൂയാവഹമായ ഈ നേട്ടങ്ങൾക്കിടയിലാണ് ലോകനേതാക്കളിൽ ഭൂരിഭാഗം പേരെയും രാജ്യതലസ്ഥാനത്തെത്തിച്ച് ജി 20 ഉച്ചകോടി ചരിത്രസംഭവമാക്കി മാറ്റിയത്. ഏതാനും നാളുകളായി ഉരുത്തിരിഞ്ഞുവരുന്ന ലോകക്രമത്തിൽ ഒന്നാം സ്ഥാനത്തേക്കുള്ള മത്സരാർഥികളിൽ വൻശക്തിരാഷ്ട്രങ്ങളായ യു എസിനും റഷ്യയ്ക്കും ചൈനയ്ക്കും ജർമനിക്കും പിന്നിൽ നമ്മുടെ രാജ്യവും സ്ഥാനം പിടിച്ചിരിക്കുന്നു. മനുഷ്യവിഭവശേഷിയിൽ ചൈനയെ രണ്ടാംസ്ഥാനത്തേക്കു പിന്തള്ളിയതും അടുത്ത നാളുകളിലാണല്ലോ.

**ജി 20 ഉച്ചകോടി**

പത്തൊൻപത് സ്ഥാപക രാജ്യങ്ങളും യൂറോപ്യൻ യൂണിയനിലെ 27 അംഗരാജ്യങ്ങളുമുൾപ്പെട്ട ആഗോളസംഘടനയാണ് ജി 20. അർജന്റീന, ആസ്ത്രേലിയ, ബ്രസീൽ, കാനഡ, ചൈന, ഫ്രാൻസ്, ജർമനി, ഇന്ത്യ, ഇന്തോനേഷ്യ, ഇറ്റലി, ജപ്പാൻ, മെക്സിക്കോ, റഷ്യ, സൗദി അറേബ്യ, ദക്ഷിണാഫ്രിക്ക, ദക്ഷിണകൊറിയ, തുർക്കി, യു കെ, യു എസ് തുടങ്ങിയ 19 രാജ്യങ്ങളും യൂറോപ്യൻ യൂണിയനിലെ 27 രാജ്യങ്ങളും ഈ കൂട്ടായ്മയിലുണ്ട്. ബംഗ്ലാദേശ്, ഈജിപ്ത്, മൗറീഷ്യസ്, മ്യാൻമർ, നെതർലാൻഡ്സ്, നൈജീരിയ, ഒമാൻ, റുവാണ്ട, സിംഗപ്പൂർ, സ്പെയിൻ, യു എ ഇ എന്നീ രാജ്യങ്ങൾ പ്രത്യേകംക്ഷണിതാക്കളുമാണ്. കൂടാതെ യു എൻ, വേൾഡ് ബാങ്ക്, ഐ എം എഫ്, ലോകാരോഗ്യ/ലോകവ്യാപാര/തൊഴിൽ തുടങ്ങിയ രാജ്യാന്തര സംഘടനകളെയും നിരവധി പ്രാദേശികവ്യാപാരക്കൂട്ടായ്മകളെയും വിവിധ സമ്മേളനങ്ങളിൽ ഭാഗഭാക്കുകളാക്കി.

**ഉദ്ദേശ്യലക്ഷ്യങ്ങൾ**

1. ആഗോളസാമ്പത്തികരംഗത്തെ തകർച്ചയിൽ വീഴാതെ താങ്ങിനിറുത്തുക.
2. വ്യാപാരവും നിക്ഷേപവും പ്രോത്സാഹിപ്പിക്കുക.
3. സുസ്ഥിരമായ സാമ്പത്തിക വളർച്ച ഉറപ്പുവരുത്തുക.
4. വിശപ്പിനും ദാരിദ്ര്യത്തിനും അസമത്വത്തിനുമെതിരേ പോരാടുക.
5. പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക.
6. നവീന ഊർജസ്രോതസ്സുകൾ കണ്ടെത്തുക.
7. കോർപ്പറേറ്റുകൾക്കൊപ്പം ചെറുകിട/ഇടത്തരം സംരംഭകരെ പ്രോത്സാഹിപ്പിക്കുക.
8. കാർബൺ ബഹിർഗമനം കുറയ്ക്കുക.
9. പരിസ്ഥിതിക്കു വിഘാതമായ കാലാവസ്ഥാവ്യതിയാനം തടയുക.

**ഈ യുഗം യുദ്ധത്തിന്റേതല്ല**

''എനിക്കൊരു ശുഭവാർത്ത നിങ്ങളുമായി പങ്കുവയ്ക്കാനുണ്ട്. നിങ്ങളുടെയെല്ലാം ആത്മാർഥമായ സഹകരണംകൊണ്ട് ന്യൂഡൽഹിയിലെ ജി 20 കൂട്ടായ്മയിൽ സമവായം ഉണ്ടായിരിക്കുന്നു. ഇന്നത്തെ യുഗം യുദ്ധത്തിന്റേതല്ല, മറിച്ച്, നീതിപൂർവകവും സമാധാനപൂർണവുമായ ഒരു ലോകമാണ് ഏവരും ആഗ്രഹിക്കുന്നത്. '' യുക്രെയ്നുമായുള്ള സംഘർഷത്തിൽ റഷ്യയുടെ പേരെടുത്തുപറയാതെ ജി 20 കൂട്ടായ്മയുടെ സമാപനസമ്മേളനത്തിൽ നേതാക്കളുടെ പ്രഖ്യാപനം പരസ്യപ്പെടുത്തുകയായിരുന്നു പ്രധാനമന്ത്രി നരേന്ദ്രമോദി. കൊവിഡ് പ്രതിസന്ധിയെ ഒരുമിച്ചുനിന്ന് മറികടന്നതുപോലെ യുദ്ധം ഉണ്ടാക്കിയ പരസ്പരവിശ്വാസമില്ലായ്മയെയും കൂട്ടായി പരിഹരിക്കാൻ കഴിയുമെന്ന ഉത്തമവിശ്വാസം തനിക്കുണ്ടെന്നും ഉച്ചകോടിയിലെ ആമുഖപ്രസംഗത്തിൽ മോദി അഭിപ്രായപ്പെട്ടു. കടം നൽകി കെണിയിലാക്കുന്ന ചൈനീസ് നയതന്ത്രത്തിൽനിന്നു വ്യത്യസ്തമായി എല്ലാ രാജ്യങ്ങളെയും തുല്യതയോടെ പരിഗണിക്കുന്ന കാഴ്ചപ്പാടാണ് ആതിഥേയ രാജ്യമായ ഇന്ത്യ മുമ്പോട്ടു വച്ചത്.

▸8

# വസുധൈവ കുടുംബകം



സെബിൻ ജോസഫ്

വസുധൈവ കുടുംബകം അഥവാ ലോകം ഒരു കുടുംബം എന്ന ആശയത്തെ അടിസ്ഥാനമാക്കി ഡൽഹിയിൽ സെപ്റ്റംബർ ഒമ്പത്, പത്ത് തീയതികളിൽ സംഘടിപ്പിച്ച ജി 20 ഉച്ചകോടി പുതിയ ലോകക്രമത്തിനു തുടക്കം കുറിച്ചു. യുഎൻ അടക്കമുള്ള അന്താരാഷ്ട്രസംഘടനകളുടെ പരിഷ്കരണത്തിനു തുടക്കമിടാനും ഇന്ത്യ ഉൾപ്പെടുന്ന ഗ്ലോബൽ സൗത്ത് രാജ്യങ്ങളിലേക്കു ലോകശ്രദ്ധ എത്തിക്കാനും സമ്മേളനത്തിനായി. യുക്രെയ്ൻ യുദ്ധംമൂലം പാശ്ചാത്യലോകം റഷ്യയെ ഒറ്റപ്പെടുത്തുന്ന സാഹചര്യത്തിലും ഡൽഹിപ്രഖ്യാപനത്തിൽ സമവായത്തിലെത്താൻ കഴിഞ്ഞത് ഇന്ത്യയുടെ വിജയമാണ്. രണ്ടാം ലോകമഹായുദ്ധത്തിനുശേഷം രൂപപ്പെട്ട നിലവിലെ ലോകക്രമം പൊളിച്ചെഴുതണമെന്നും യുഎൻ രക്ഷാസമിതിയിലടക്കം കാലാനുസൃതമായ മാറ്റം വേണമെന്നും ജി 20 അധ്യക്ഷപദം അലങ്കരിച്ച ഇന്ത്യയും ബാക്കി അംഗരാജ്യങ്ങളും ആവശ്യപ്പെട്ടു.

മനുഷ്യകേന്ദ്രീകൃതവികസനം, കാർബൺ പുറന്തള്ളൽ കുറയ്ക്കൽ, ജൈവ ഇന്ധനത്തിനായുള്ള ആഗോളസഖ്യം, അടിസ്ഥാനസൗകര്യവികസനം, ഇന്ത്യ-മിഡിൽ ഈസ്റ്റ്-യൂറോപ്പ് കോറിഡോർ തുടങ്ങിയ സുപ്രധാനതീരുമാനങ്ങൾ ഉച്ചകോടിയിലുണ്ടായി. അന്താരാഷ്ട്ര സംഘടനകളുടെ പരിഷ്കരണമാണ് അടുത്ത ലക്ഷ്യമെന്നു വ്യക്തമാക്കിയാണ് ജി 20 ഉച്ചകോടി സമാപിച്ചത്. ലോകബാങ്കിലും രാജ്യാന്തര നാണ്യനിധിയിലും (ഐഎംഎഫ്) വികസ്വര രാജ്യങ്ങൾക്കു കൂടുതൽ പ്രാതിനിധ്യം വേണമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദിയിൽനിന്ന് അടുത്ത സമ്മേളനത്തിന്റെ അധ്യക്ഷപദം ഏറ്റുവാങ്ങിയ ബ്രസീൽ പ്രസിഡന്റ് ലുല ഡ സിൽവ പറഞ്ഞു.

**ഡൽഹിപ്രഖ്യാപനം**

റഷ്യൻ പ്രസിഡന്റ് വ്ളാദിമർ പുടിനും ചൈനീസ് പ്രസിഡന്റ് ഷി ജിൻപിംഗും ഉച്ചകോടിയിൽനിന്നു വിട്ടുനിന്നെങ്കിലും ജി 20 ഉച്ചകോടി വിജയമായി. അമേരിക്കൻ പ്രസിഡന്റ് ജോ ബൈഡനും ബ്രിട്ടീഷ് പ്രധാനമന്ത്രി ഋഷി സുനാക്കും ഫ്രഞ്ച് പ്രസിഡന്റ് ഇമ്മാനുവൽ മക്രോണും ഉച്ചകോടിക്കെത്തി. ആഫ്രിക്കൻ യൂണിയനെ ജി 20 ലെ പുതിയ അംഗമാക്കി. ഗ്ലോബൽ സൗത്ത് എന്നു വിശേഷിപ്പിക്കുന്ന ദക്ഷിണേഷ്യൻ രാജ്യങ്ങളിലേക്കു ലോകം കേന്ദ്രീകരിക്കാനും ആഫ്രിക്കൻരാജ്യങ്ങളിലെ വിപണി ലക്ഷ്യമാക്കി ഉത്പാദനം കൂട്ടാനുമാണ് അംഗരാജ്യങ്ങൾ ലക്ഷ്യമിടുന്നത്. യുക്രെയ്ൻ യുദ്ധത്തെത്തുടർന്ന് അന്താരാഷ്ട്ര നീതിന്യായക്കോടതി അറസ്റ്റ് വാറന്റുള്ളതിനാലാണ് പുടിൻ ഉച്ചകോടിയിൽ പങ്കെടുക്കാതിരുന്നത്. റഷ്യയുടെ തന്ത്രപ്രധാനപങ്കാളിയായ ഇന്ത്യ, റഷ്യയുടെ പേരു പറയാതെ യുക്രെയ്ൻ യുദ്ധത്തെ അപലപിച്ചു. കോവിഡ് മഹാമാരിക്കുശേഷം യുദ്ധകാലത്തിലൂടെയാണ് ലോകം കടന്നുപോകുന്നതെന്നും യുക്രെയ്ൻയുദ്ധം അവസാനിപ്പിക്കണമെന്നും അക്രമത്തിന്റെയും അധിനിവേശത്തിന്റെയും കാലഘട്ടമല്ലിതെന്നും ലോകത്തെ ഓർമിപ്പിക്കുന്നതുമായിരുന്നു ഡൽഹിപ്രഖ്യാപനം.

▸9


പാലാ സെന്റ് തോമസ് പ്രസ് ബുക്സ്റ്റാളിൽ
സെന്റ് തോമസ്
ആർട്ട് ഗാലറി
കലയുടെ കലവറ
St. Thomas Art Gallery
വിവിധതരത്തിലുള്ള പെയിന്റിങ്ങുകളുടെയും കലാശില്പങ്ങളുടെയും അതിവിപുലമായ ശേഖരം.
വാട്ടർകളർ, അക്രിലിക്, എണ്ണച്ചായം മീഡിയത്തിലുള്ള പരമ്പരാഗത ക്രൈസ്തവകലാരൂപങ്ങൾ, ഛായാചിത്രങ്ങൾ, പ്രകൃതിദൃശ്യങ്ങൾ.
ദേവാലയങ്ങൾക്കും ഭവനങ്ങൾക്കും ഉപയുക്തമായ രൂപക്കൂടുകളും ഫോട്ടോഫ്രെയിമുകളും
62826 32531
04822-215321

# കടത്തിന്റെ രാഷ്ട്രീയവും നാളത്തെ അപായവും



റ്റി.സി. മാത്യു

കടമാണു വിഷയം. അതിനു രണ്ടു മുഖങ്ങൾ. ഒന്ന്: ഇങ്ങനെ കടമെടുത്തു കൂട്ടിയാൽ നാളെ എന്തു ചെയ്യും എന്ന വലിയ ചോദ്യം. രണ്ട്: കിഫ്ബിവഴിയും മറ്റും എടുക്കുന്ന കടം സർക്കാരിന്റെ കടമായി കണക്കാക്കി കേന്ദ്രം കടമെടുപ്പുപരിധി വെട്ടിക്കുറച്ചതുവഴിയുള്ള പ്രതിസന്ധി.

രണ്ടാമത്തേതിൽ സാമ്പത്തികം ഉണ്ട്; രാഷ്ട്രീയവും. ആദ്യത്തേതിൽ രാഷ്ട്രീയം ഇല്ല, സാമ്പത്തികംമാത്രം.

കടമെടുപ്പുപരിധിവിവാദം ആദ്യം നോക്കാം. സംസ്ഥാനങ്ങളുടെ സഞ്ചിതകടബാധ്യത സംസ്ഥാന ജിഡിപി(ജിഎസ്ഡിപി)യുടെ 25 ശതമാനമായി കുറയ്ക്കണം എന്നു പതിനഞ്ചാം ധനകാര്യകമ്മീഷൻ ശിപാർശ ചെയ്തിട്ടുണ്ട്. നേരത്തേ 29 ശതമാനമായിരുന്നു. ഓരോ വർഷവും എടുക്കാവുന്ന വായ്പ 3.5 ശതമാനമേ ആകാവൂ എന്നും വ്യവസ്ഥ ചെയ്തു. നേരത്തേ നാലു ശതമാനമായിരുന്നു.

**എല്ലാവർക്കും ഒരുപോലെ**

കേന്ദ്രവും സംസ്ഥാനങ്ങളും ഒക്കെ രണ്ടു ദശകംമുമ്പ് ധനകാര്യ ഉത്തരവാദ (Fiscal Responsibility and Budget Management) നിയമങ്ങൾ തയ്യാറാക്കി നടപ്പാക്കിയതാണ്. ഇടയ്ക്ക് 2008-09 ൽ ആഗോളമാന്ദ്യവും 2020-22 ൽ കോവിഡ് മഹാമാരി മൂലവും നിയമം മരവിപ്പിച്ചു. കമ്മിയും കടവും പരിധി കടക്കാൻ അനുവദിച്ചു. ഇപ്പോൾ വീണ്ടും വ്യവസ്ഥകൾ കർശനമാക്കി.

ഇത്രയും എല്ലാ സംസ്ഥാനങ്ങൾക്കും ഒരേപോലെയാണ്. കേരളത്തിനുമാത്രമായ ഒന്നല്ല. ഈ വ്യവസ്ഥകൾ തങ്ങളെ വല്ലാതെ ഞെരുക്കുന്നതാണെന്ന് എല്ലാ സംസ്ഥാനങ്ങൾക്കും പരാതിയുണ്ട്. കേരളവും പരാതിപ്പെടുന്നു. കൂടുതൽ കടമെടുത്തു കൂടുതൽ ആനുകൂല്യങ്ങൾ വോട്ടർമാർക്കു നൽകാൻ എല്ലാ കക്ഷികൾക്കും താത്പര്യമുണ്ട്. പക്ഷേ, അതു വിവേകമല്ലെന്നും ഭാവിയിൽ താങ്ങാനാവാത്ത ബാധ്യതയാകുമെന്നും സാമ്പത്തിക വിദഗ്ധർ ചൂണ്ടിക്കാട്ടുന്നു. കേന്ദ്രം വിദഗ്ധരുടെകൂടെയാണ്.

**കിഫ്ബി അഥവാ കുറുക്കുവഴി**

കേരളം ഇപ്പോൾ നേരിടുന്ന പ്രശ്നം ഈ നിയന്ത്രണം മറികടക്കാൻ നടത്തിയ ശ്രമത്തിന്റെ ഫലമാണ്. ഗവണ്മെന്റ് എടുക്കുന്ന കടത്തിനാണല്ലോ പരിധി. അതിനാൽ, ഗവണ്മെന്റ് നേരിട്ടു കടം എടുക്കാതെ പ്രത്യേക കമ്പനി ഉണ്ടാക്കി കടം എടുക്കുക. ഈ കുതന്ത്രമാണ് ഒന്നാം പിണറായി സർക്കാർ നടപ്പാക്കിയതും ഇപ്പോഴും തുടരാൻ ശ്രമിക്കുന്നതും. കിഫ്ബി (Kerala Infrastructure Investment Fund Board) യും കെഎസ്എസ്പിഎലും (Kerala Social Security Pension Ltd.) അതിനുള്ള സംവിധാനങ്ങളായി. 1999 ൽ നിലവിൽ വന്ന കിഫ്ബിയെ നിർമാണപ്രവർത്തനങ്ങൾക്കെല്ലാം പണം നൽകാനുള്ള സ്ഥാപനമാക്കി മാറ്റി. സാമൂഹികക്ഷേമപെൻഷനുകൾക്കു കെഎസ്എസ്പിഎൽ വഴി പണം കണ്ടെത്തും.

കിഫ്ബി രാജ്യത്തും വിദേശത്തും കടപ്പത്രങ്ങൾ ഇറക്കി പണം കണ്ടെത്തണം. അതു റോഡും പാലവും സ്കൂളും ആശുപത്രിയും മറ്റും പണിയാൻ ഉപയോഗിക്കും. കിഫ്ബിക്കു പണം തിരിച്ചുകൊടുക്കാനായി മോട്ടോർ വാഹനനികുതിയുടെയും ഇന്ധനസെസിന്റെയും നിശ്ചിതഭാഗം സർക്കാർ നീക്കിവയ്ക്കുന്നു. സ്വന്തമായി വരുമാനമുള്ള ക്ഷേമനിധികളിലും മറ്റുംനിന്നു വായ്പയെടുത്തു ക്ഷേമപെൻഷനുകൾ വിതരണം ചെയ്യാനാണ് 2018 ൽ കെഎസ്എസ്പിഎൽ ഉണ്ടാക്കിയത്.



**ബജറ്റിൽ ഇല്ലാത്ത കടം**

ഇവ എടുക്കുന്ന വായ്പകൾ ബജറ്റ് കണക്കിൽ പെടുത്താറില്ല. സംസ്ഥാനത്തിന്റെ നേരിട്ടുള്ള കടമല്ല അവ എന്നാണ് സംസ്ഥാനസർക്കാരിന്റെ വാദം. കേന്ദ്രവും കൺട്രോളർ ആൻഡ് ഓഡിറ്റർ ജനറലും (സിഎജി) അതു സമ്മതിക്കുന്നില്ല. അവർ ചൂണ്ടിക്കാട്ടുന്നതു ബാധ്യതയാണ്. ഈ കടത്തിനു സർക്കാരിന്റെ ഗാരന്റി ഉണ്ട്. അതായത്, കിഫ്ബി അടച്ചില്ലെങ്കിൽ സർക്കാർ അടയ്ക്കണം. കടംതിരിച്ചടയ്ക്കാൻ നികുതിവരുമാനം നീക്കിവച്ചിട്ടുമുണ്ട്. ബാധ്യത സർക്കാരിനുതന്നെ എന്നു വ്യക്തം. അതിനാൽ, സംസ്ഥാനകടമായി ഇതു വകമാറ്റാൻ കേന്ദ്രം ആവശ്യപ്പെട്ടു. അപ്പോൾ ബജറ്റ് കണക്കുകൾ എല്ലാം തിരുത്തേണ്ടിവരാം.

ഈ വർഷത്തേക്ക് ഇതു വന്നപ്പോൾ കാര്യം ഗുരുതരമായി. കിഫ്ബിയുടെ നിലവിലെ കടബാധ്യത ഇക്കൊല്ലം എടുക്കാവുന്ന കടത്തിൽനിന്ന് ആദ്യമേ കുറച്ചു. 39,662 കോടി രൂപയുടെ ധനകമ്മി നികത്താൻ അതനുസരിച്ച് 20,521 കോടിയുടെ കടമേ എടുക്കാൻ പറ്റൂ എന്നായി. സെപ്റ്റംബർവരെ എടുത്തത് 18,500 കോടി രൂപ. കേന്ദ്രവ്യവസ്ഥപ്രകാരം ഇനി ഏഴു മാസത്തേക്ക് എടുക്കാവുന്നത് 2000 കോടി മാത്രം. ദൈനംദിന കാര്യങ്ങൾ നടത്താൻ സർക്കാർ വല്ലാതെ ബുദ്ധിമുട്ടും. ഇളവു കിട്ടിയില്ലെങ്കിൽ ചെലവുകൾ ഗണ്യമായി വെട്ടിക്കുറയ്ക്കേണ്ടിവരും.

**കുറുക്കുവഴി അടച്ച രാഷ്ട്രീയം**

ഇതിലുള്ളതു രാഷ്ട്രീയമാണെന്നു സംസ്ഥാനസർക്കാർ പറയുന്നു. കടപരിധി മറികടക്കാനുള്ള കുറുക്കുവഴി അടച്ചതിൽ രാഷ്ട്രീയമുണ്ടോ എന്നു ചോദിച്ചാൽ ഉണ്ട് എന്നു പറയേണ്ടിവരും. കാരണം, മറ്റു സംസ്ഥാനങ്ങളും ബജറ്റിൽ പെടുത്താത്ത (ഓഫ് ബജറ്റ്) വായ്പകൾ ധാരാളം എടുത്തിട്ടുണ്ട്. (2021 ലെ കണക്കനുസരിച്ച്, തെലങ്കാനയാണ് ഏറ്റവും കൂടുതൽ ഓഫ് ബജറ്റ് വായ്പകൾ എടുത്തത്; 97,940 കോടി രൂപ. അതു സംസ്ഥാന ജിഡിപിയുടെ 9.99 ശതമാനമായിരുന്നു.) അവരുടെയൊന്നും വായ്പകൾ വിലക്കിയിട്ടില്ല. അപ്പോൾ രാഷ്ട്രീയപ്പോരു വ്യക്തം.

ഓരോ മാസവും വായ്പ എടുക്കാവുന്ന തുക കേന്ദ്രം നേരത്തേ നിശ്ചയിക്കാതെ അവസാന നിമിഷംവരെ വച്ചുതാമസിപ്പിക്കുന്നതിലും രാഷ്ട്രീയക്കളി ഉണ്ട്.

പക്ഷേ, സംസ്ഥാനത്തിന്റെ വാർഷികവായ്പാപരിധിയും (ജിഎസ്ഡിപിയുടെ 3.5 ശതമാനം) സഞ്ചിത ബാധ്യതാപരിധിയും (ജിഎസ്ഡിപിയുടെ 25 ശതമാനം) നിശ്ചയിച്ചതിൽ രാഷ്ട്രീയം പറയുന്നതു ശരിയല്ല. അമിതമായി കടംവാങ്ങി മുന്നോട്ടുപോയാൽ അതു വീട്ടാൻ വഴി ഉണ്ടാകാതെ ശ്രീലങ്കപോലെയാകും സംസ്ഥാനം. അങ്ങനെ വരാതിരിക്കാനാണു പരിധി വച്ചത്.

**കടം എന്തിന്?**

കമ്മിയും കടവും സാധാരണമാണെന്നും അതിൽ വിഷമിക്കാനില്ലെന്നും ഇടതുപക്ഷ ധനശാസ്ത്രജ്ഞർ എന്നും വാദിക്കാറുള്ളതാണ്. കടമെടുത്ത് അടിസ്ഥാനസൗകര്യവികസനം കൊണ്ടുവരുമ്പോൾ ആ നിക്ഷേപം വഴിയുള്ള സാമ്പത്തികവളർച്ച കടമൊക്കെ വീട്ടാൻ തക്ക വരുമാനം ഉണ്ടാക്കുമെന്നാണ് ഡോ. തോമസ് ഐസക്കും പറഞ്ഞത്. പക്ഷേ, കേരള സർക്കാരിന്റെ കടമെടുപ്പിൽ സിംഹഭാഗവും മൂലധനനിക്ഷേപത്തിനല്ല, സർക്കാരിന്റെ നിത്യനിദാന ച്ചെലവുകൾക്കാണു പോകുന്നത്.

2023 - 24 ലെ ബജറ്റ് പ്രതീക്ഷ നോക്കുക. (എല്ലാ തുകകളും കോടി രൂപയിൽ.)

| | |
|---|---|
| റവന്യു വരുമാനം | 1,35,419 |
| റവന്യു ചെലവ് | 1,59,361 |
| റവന്യുകമ്മി | 23,942 |
| മൂലധനച്ചെലവ് | 6,728 |
| ആകെ ചെലവ് | 1,76,089 |
| ധനകമ്മി | 39,662 |

ധനകമ്മി എന്നാൽ കടം. 39,662 കോടി രൂപയാണ് ഈ വർഷം കേരളത്തിന്റെ ബാധ്യതയിലേക്കു കൂടാൻ പോകുന്ന തുക.

അങ്ങനെ ഓരോ വർഷവും കൂടിക്കൂടി വന്ന കടബാധ്യതയുടെ തുക കേട്ടാൽ ഞെട്ടും. വരുന്ന മാർച്ച് 31 ന് അത് 4,08,164 കോടി രൂപയാകും. സംസ്ഥാന ജിഡിപിയുടെ 36.05 ശതമാനം.

**കടമെടുത്തു സൽക്കാരം**

കമ്മിയും കടവും നല്ലതാണെന്നു പറയുന്നവർ പോലും കടമെടുത്തു നിത്യനിദാനച്ചെലവുകൾ (ശമ്പളം, പെൻഷൻ, പഴയ കടത്തിന്റെ പലിശ, സാധാരണ ഭരണച്ചെലവുകൾ, ക്ഷേമപെൻഷനുകൾ തുടങ്ങിയ റവന്യു ചെലവുകൾ) നടത്തരുതെന്നു പറയും. പക്ഷേ, കേരളം ഉദ്ദേശിക്കുന്ന 39,662 കോടി രൂപയുടെ കടത്തിൽ 23,942 കോടി രൂപ റവന്യു കമ്മി നികത്താനാണ്. അതായത്, കടത്തിന്റെ 60.36 ശതമാനം നിത്യനിദാനച്ചെലവുകൾക്ക്. ഭാവിയിൽ വരുമാനം ഉണ്ടാക്കുന്ന കാര്യങ്ങൾക്കായല്ല കടമെടുക്കുന്നതെന്നു ചുരുക്കം.

വരുമാനം ഉണ്ടാക്കാനല്ല കടം ചെലവാക്കുന്നതെങ്കിൽ വലിയ അപായം മുന്നിൽ കാണണം. കടവും പലിശയുംകൂടി കൊടുക്കാൻ പുതിയ വരുമാനമാർഗങ്ങൾ ഉണ്ടാകില്ല. പഴയവയിൽ നിന്നു വേണം അതു കൊടുത്തു തീർക്കാൻ.

**അതിനു പറ്റുന്നതാണോ നാളത്തെ കേരളം?**

നിർണായകമായ ചില മാറ്റങ്ങൾ കേരളത്തിൽ സംഭവിക്കുന്നുണ്ട്. മുൻ കാലത്തേതിൽനിന്നു വിഭിന്നമായ കാര്യങ്ങളാണു വരാനിരിക്കുന്നത്.

ഒന്ന്: ജനസംഖ്യ ചുരുങ്ങാൻ തുടങ്ങുന്നു. വരുംവർഷങ്ങളിൽ കേരളത്തിൽ ചെറുപ്പക്കാർ കുറയുകയും വൃദ്ധർ കൂടുകയും ചെയ്യും.

രണ്ട്: കൂടുതൽ ചെറുപ്പക്കാർ മറ്റു രാജ്യങ്ങളിലേക്കു കുടിയേറുന്നു. അവർ മടങ്ങിവരില്ല. ഗൾഫിലേക്കും മറ്റും പോയവരെപ്പോലെ നാട്ടിലേക്കു പണമയയ്ക്കുകയോ ഇവിടെ നിക്ഷേപം നടത്തുകയോ ചെയ്യാൻ അവർ ഉദ്ദേശിക്കുന്നില്ല.

ആളും അധ്വാനവും വരുമാനവും കുറയുന്നതും കൂടുതൽ വ്യദ്ധരെ പരിപാലിക്കേണ്ടി വരുന്നതുമായ ഒരു കാലം വരാനിരിക്കേ, കടമെടുത്തു ഭരിക്കുന്നതിന്റെ ഭവിഷ്യത്തിനെപ്പറ്റി എല്ലാവരും ഗൗരവമായി ചിന്തിച്ചേ മതിയാകൂ. ഇന്നത്തെ കടം നാളെ എണ്ണം കുറഞ്ഞതും പ്രായം കൂടിയതുമായ ഒരു ജനസമൂഹത്തിന്റെമേൽ വലിയ ഭാരമായി പതിക്കാൻ അനുവദിക്കണോ?

മൂന്ന്: ഇവയുടെ ഫലമായി അധ്വാനിക്കാവുന്നവരുടെ എണ്ണം സംസ്ഥാനത്തു കുറയുന്നു. പ്രവാസികളിൽനിന്നുള്ള വരുമാനവും കുറയുന്നു.

നാല്: നാട്ടുകാർക്കു പകരം വരുന്ന തൊഴിലാളികൾ വേതനം അവരുടെ നാട്ടിലേക്ക് അയയ്ക്കുമ്പോൾ നാടിന്റെ സമ്പത്ത് വീണ്ടും കുറയും.

**വരുന്നു, ആളില്ലാക്കാലം**

ജനസംഖ്യ കൂടുകയും പ്രവാസിപ്പണം വന്നു നാടിനെ സമ്പന്നമാക്കുകയും ജനങ്ങൾ വർധിച്ച ഉപഭോഗതൃഷ്ണ കാണിക്കുകയും ചെയ്ത ദശകങ്ങൾ കഴിഞ്ഞു. 2011 ൽ ആയിരം ജനങ്ങൾക്കിടയിൽ വർഷം 15.2 കുട്ടികൾ ഉണ്ടായിരുന്ന സ്ഥാനത്തു 2021 ൽ 11.94 മാത്രം. 2011 ൽ സംസ്ഥാനത്തെ പ്രത്യുത്പാദനനിരക്ക് (ടി എഫ് ആർ - ഒരു സ്ത്രീ ആയുഷ്കാലത്തിൽ ജനനം നൽകുന്ന കുട്ടികളുടെ എണ്ണം) 1.8 ആയിരുന്നത് 2021 ൽ 1.46 ആയി. ടി എഫ് ആർ 2.1 ഉണ്ടെങ്കിലേ ഒരു സമൂഹത്തിന് ജനസംഖ്യ കുറയാതെ നിലനിറുത്താൻ പറ്റൂ എന്നിരിക്കെയാണ് ഈ കണക്കുകൾ ആശങ്ക നൽകുന്നത്.

ആളും അധ്വാനവും വരുമാനവും കുറയുന്നതും കൂടുതൽ വൃദ്ധരെ പരിപാലിക്കേണ്ടിവരുന്നതുമായ ഒരു കാലം വരാനിരിക്കേ, കടമെടുത്തു ഭരിക്കുന്നതിന്റെ ഭവിഷ്യത്തിനെപ്പറ്റി എല്ലാവരും ഗൗരവമായി ചിന്തിച്ചേ മതിയാകൂ. ഇന്നത്തെ കടം നാളെ എണ്ണം കുറഞ്ഞതും പ്രായം കൂടിയതുമായ ഒരു ജനസമൂഹത്തിന്റെമേൽ വലിയ ഭാരമായി പതിക്കാൻ അനുവദിക്കണോ?

■

ദീപനാളം
കലാ സാംസ്കാരിക ദേശീയ വാരിക

ചീഫ് എഡിറ്റർ & മാനേജിങ് ഡയറക്ടർ : ഫാ. കുര്യൻ തടത്തിൽ

അസോസിയേറ്റ് എഡിറ്റർ : ഫാ. കുര്യാക്കോസ് പാത്തിക്കൽപുത്തൻപുരയിൽ



ഞാൻ മൗനം പാലിക്കാതെ അങ്ങയെ പാടിപ്പുകഴ്ത്തും; ദൈവമായ കർത്താവേ, ഞാനങ്ങേക്ക് എന്നും നന്ദി പറയും.

സങ്കീർത്തനങ്ങൾ 30:12

**എഡിറ്റോറിയൽ**

# മാലിന്യമുക്തകേരളം ഇനിയെന്നു യാഥാർഥ്യമാകും?

2024 മാർച്ചോടെ കേരളം സമ്പൂർണമാലിന്യമുക്തനാടായി പ്രഖ്യാപിക്കാനുള്ള തയ്യാറെടുപ്പിലാണ് സംസ്ഥാനസർക്കാർ. ബ്രഹ്മപുരം മാലിന്യത്തീമലയും അതുണ്ടാക്കിയ വിവാദങ്ങളും നാളുകളോളം പുകഞ്ഞെരിഞ്ഞതിന്റെ പശ്ചാത്തലത്തിലാണ് സർക്കാരും തദ്ദേശസ്ഥാപനങ്ങളും ജാഗ്രതക്കണ്ണുമായി രംഗത്തിറങ്ങിയിരിക്കുന്നത്. പഞ്ചായത്തീരാജ്, മുനിസിപ്പാലിറ്റി നിയമഭേദഗതി ബില്ലുകളിൽ പുതിയ വ്യവസ്ഥകളും പഴുതടച്ച ശിക്ഷാസംവിധാനങ്ങളും ഏർപ്പെടുത്തിയാണ് ശുചിത്വകേരളത്തിനായി സർക്കാർ പൊരുതുന്നത്.

മാലിന്യസംസ്കരണമെന്നത് ഓരോ പൗരന്റെയും ഉത്തരവാദിത്വമാണെന്ന ഉയർന്ന ബോധത്തിലേക്ക് വിദ്യാഭ്യാസവും സംസ്കാരവുമുണ്ടെന്നു സമൂഹം ധരിക്കുന്നവരുൾപ്പെടെയുള്ളവർ എത്താത്ത സാഹചര്യത്തിലാണ് പിഴയും തടവുമുൾപ്പെടെയുള്ള ശിക്ഷകൾ നാട്ടിൽ അനിവാര്യമായി മാറുന്നത്. ജലാശയം മലിനമാക്കൽ ഇനി ജാമ്യമില്ലാക്കുറ്റമാണ്. വിസർജ്യവും ചവറുമുൾപ്പെടെയുമുള്ള മാലിന്യം ജലാശയത്തിലോ ജലസ്രോതസ്സിലോ തള്ളിയാലും ശുചിമുറിമാലിന്യം ഒഴുക്കിയാലും പതിനായിരം മുതൽ അമ്പതിനായിരം വരെ രൂപ പിഴയും, ആറു മാസം മുതൽ ഒരുവർഷംവരെ തടവുശിക്ഷയുമുണ്ടാകും. ഹോട്ടൽ, റസ്റ്ററന്റ്, വീട്, വ്യവസായസ്ഥാപനം, ആശുപത്രി, തൊഴുത്ത് തുടങ്ങിയ ഇടങ്ങളിൽനിന്ന് മലിനജലം പൊതുവഴിയിലേക്കോ പൊതുസ്ഥലങ്ങളിലേക്കോ ജലാശയങ്ങളിലേക്കോ ഒഴുക്കിയാൽ അയ്യായിരംമുതൽ അരലക്ഷം വരെ രൂപയാണു പിഴ. പൊതുസ്ഥലത്തു മാലിന്യം തള്ളിയാൽ പിഴ അയ്യായിരം രൂപ; പ്ലാസ്റ്റിക് മാലിന്യമെങ്കിൽ പതിനായിരം. സ്വകാര്യസ്ഥലങ്ങളിൽപ്പോലും മാലിന്യം അലക്ഷ്യമായി വലിച്ചെറിയുകയോ പരസ്യമായി കത്തിക്കുകയോ കുഴിച്ചുമൂടുകയോ ചെയ്താലും തത്സമയം അമ്പതിനായിരം രൂപ പിഴ ഈടാക്കും.

വ്യവസ്ഥകൾ പാലിക്കാത്തവർക്കെതിരേ നിയമനടപടിക്ക് തദ്ദേശസ്വയംഭരണസ്ഥാപനസെക്രട്ടറിമാർക്ക് അധികാരം നൽകുന്നതാണു ഭേദഗതിനിയമം. നൂറിലധികം ആളുകൾ പങ്കെടുക്കുന്ന പരിപാടികൾ മൂന്നു പ്രവൃത്തിദിവസംമുമ്പെങ്കിലും തദ്ദേശസ്ഥാപനങ്ങളെ അറിയിച്ച് മാലിന്യസംസ്കരണത്തിനു ഫീസടയ്ക്കുന്നതുൾപ്പെടെയുള്ള വ്യവസ്ഥകൾ ഭേദഗതിബില്ലിലുണ്ട്. മാലിന്യം കൂടിക്കിടന്ന് പരിസ്ഥിതിപ്രശ്നമുണ്ടായാൽ തദ്ദേശസ്ഥാപനസെക്രട്ടറിയോ ചുമതലയുള്ള ഉദ്യോഗസ്ഥനോ നടപടി നേരിടേണ്ടിവരും തുടങ്ങിയുള്ള ശിക്ഷാവ്യവസ്ഥകളിൽ ബന്ധിതമാണ് ബിൽ.

ഹരിതകേരളമിഷൻ, ശുചിത്വമിഷൻ, ഗ്രീൻ കേരള കമ്പനി, കുടുംബശ്രീ എന്നിവയുടെ പങ്കാളിത്തത്തോടെ മുപ്പതിനായിരം വോളണ്ടിയർമാരാണ് തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽ സജീവമായുള്ളത്. അജൈവമാലിന്യശേഖരണത്തിനായുള്ള ഹരിതകർമസേനയുടെ വാതിൽപ്പടിസേവനം ഏറെക്കുറെ ലക്ഷ്യംകണ്ടുതുടങ്ങിയിട്ടുണ്ട്. അതേസമയം എല്ലാ വീടുകളിലേക്കും ഈ സംവിധാനം എത്തിപ്പെടാൻ തദ്ദേശസ്ഥാപനങ്ങൾ ഉണർന്നുപ്രവർത്തിക്കേണ്ടതുണ്ട്. ഒട്ടേറെയിടങ്ങളിലും ഇതു കാര്യക്ഷമമായി നടക്കുന്നുണ്ടെങ്കിലും മറ്റനേകം തദ്ദേശസ്ഥാപനങ്ങളിൽ കൃത്യവിലോപവും കെടുകാര്യസ്ഥതയും മുറയ്ക്കു നടക്കുന്നുണ്ടെന്ന ആക്ഷേപവും ശക്തമാണ്. സർക്കാർ ഇക്കാര്യത്തിൽ അതിജാഗ്രത പുലർത്തി ബന്ധപ്പെട്ടവരുടെമേൽ ശിക്ഷാനടപടികൾ നടപ്പിലാക്കാൻ അമാന്തിക്കരുത്.

വൻതുക പിഴയും തടവുമുൾപ്പെടെയുള്ള ശിക്ഷാനടപടികൾ സർക്കാർ നടപ്പിലാക്കുന്നതും ഭേദഗതി ചെയ്യുന്നതും ആദ്യമായൊന്നുമല്ല. പക്ഷേ, നിയമകാർക്കശ്യങ്ങളും സർക്കാർനയങ്ങളും ബോധവത്കരണത്തിന്റെ പരമമായ ഭാവങ്ങളാണെന്ന ചിന്തയൊന്നും മലയാളിയെ അലട്ടാറില്ല. ശുചിത്വകേരളത്തെക്കുറിച്ച് സ്ഥാനത്തും അസ്ഥാനത്തും മേനി പറഞ്ഞു രസിക്കുന്ന മലയാളിയുടെ ശീലം അവന്റെ വ്യക്തിജീവിതത്തിലോ പൊതുബോധനിർമിതിയിലോ ഇല്ല എന്നു പറയുന്നതാവും ശരി. തന്റെ വീടും പരിസരവും നാടും വൃത്തിയുള്ളതായിരിക്കണമെന്ന പൗരബോധത്തിലേക്ക് അവൻ ഇനിയും ഏറെ വളരാനുണ്ട്. വാസ്തവത്തിൽ, ഈയൊരു തിരിച്ചറിവാണ് മാലിന്യവിമുക്തകേരളസൃഷ്ടിയുടെ ആദ്യപടി.

സ്വന്തം വീടുകളിലെ മാലിന്യങ്ങൾ പൊതുനിരത്തുകളിലേക്കും തോടുകളിലേക്കും വലിച്ചെറിയുന്ന മലയാളിയുടെ മനോഭാവത്തിന് കൊവിഡനന്തരകാലത്തും യാതൊരു മാറ്റമുണ്ടായിട്ടില്ലെന്നതു സങ്കടകരമാണ്. പൊതുനിരത്തിൽ തുപ്പുന്നതും വിസർജിക്കുന്നതുമൊക്കെ കുറ്റകരമായോ സാമൂഹികദ്രോഹമായോ കണക്കാക്കുന്ന പരിശീലനപദ്ധതികൾ നമ്മുടെ വിദ്യാഭ്യാസ-സാംസ്കാരികസംവിധാനങ്ങളിലില്ലതാനും. അതു പ്രഥമതഃ വീടുകളിലും വിദ്യാലയങ്ങളിലും ഉത്തരവാദിത്വപ്പെട്ടവർ വാക്കിലൂടെയും പ്രവൃത്തിയിലൂടെയും പകർന്നുകൊടുക്കുന്നില്ലെങ്കിൽ ആരെയാണു നാം പഴിക്കേണ്ടത്? രോഗവിമുക്തമായ ഒരു സമൂഹത്തെ വാർത്തെടുക്കേണ്ടത് ഓരോ പൗരന്റെയും ദൗത്യമാണെന്നു കരുതി വീടും നാടും നമ്മുടെ പരിസരങ്ങളും ശുചീകരിക്കേണ്ടത് നമ്മുടെ വിദ്യാഭ്യാസത്തിന്റെയും സംസ്കാരത്തിന്റെയും ഭാഗമായി മാറട്ടെ. ■

# ഫെയ്സ് ഓഫ് ദ ഫെയ്സ്‌ലെസ് അഭ്രപാളിയിലേക്ക്




ഉത്തരേന്ത്യൻ ഗ്രാമങ്ങളിലെ പാവപ്പെട്ട ആളുകൾ അനുഭവിക്കുന്ന അനീതിക്കും ചൂഷണത്തിനുമെതിരേ, അവരുടെ പക്ഷംചേർന്നുകൊണ്ടു നിരന്തരം പോരാടി, ഒടുവിൽ രക്തസാക്ഷിത്വം വരിക്കേണ്ടിവന്ന മിഷണറിസിസ്റ്റർ വാഴ്ത്തപ്പെട്ട റാണി മരിയയുടെ വീരോചിതജീവിതം ബഹുഭാഷാചലച്ചിത്രമായി പ്രദർശനത്തിനൊരുങ്ങുന്നു. Face of the faceless എന്നു പേരിട്ടിരിക്കുന്ന ചിത്രം മലയാളത്തിനുപുറമേ ഹിന്ദി, തമിഴ്, തെലുങ്ക്, കന്നട, ഇംഗ്ലീഷ്, ഇറ്റാലിയൻ, ഫ്രഞ്ച്, സ്പാനീഷ് ഭാഷകളിലും ഒരേസമയം പുറത്തിറങ്ങും.

റാണിമരിയയുടെ ജീവനെടുത്ത കൊലയാളിയെ സഹോദരനായി, മകനായി സ്വീകരിച്ചുകൊണ്ട് കുടുംബാംഗങ്ങൾ രചിച്ച അവിശ്വസനീയമായ സ്നേഹത്തിന്റെ വിപ്ലവഗാഥ, ചിത്രത്തിനു പുതിയ മാനം പകരുന്നു. പന്ത്രണ്ടു സംസ്ഥാനങ്ങളിൽനിന്നുള്ള 150 ൽപ്പരം പ്രശസ്ത കലാകാരന്മാർ അണിനിരക്കുന്ന ഈ ബോളിവുഡ് ചിത്രത്തിൽ സിസ്റ്റർ റാണിമരിയയെ അവതരിപ്പിക്കുന്നത്, 2022 ലെ മികച്ച നടിക്കുള്ള സംസ്ഥാനപുരസ്കാരം കരസ്ഥമാക്കിയ വിൻസി അലോഷ്യസാണ്.

ശ്രീ ബേബിച്ചൻ ഏർത്തയിലിന്റെ പ്രൈംസ്റ്റോറിയെ ആധാരമാക്കി തിരക്കഥയൊരുക്കിയിരിക്കുന്നത് ആനന്ദൻ ജയപാലാണ്. സാന്ദ്രാ ഡിസൂസ റാണ നിർമാണവും ഡോ. ഷെയിസൺ പി ഔസേഫ് സംവിധാനവും നിർവഹിക്കുന്നു. കൈതപ്രം ദാമോദരൻ നമ്പൂതിരിയുടെ വരികൾക്ക് അൽഫോൻസ് ജോസഫ് സംഗീതം പകരുന്നു. ഹരിഹരനും ചിത്രയും കൈലേഷ്ഖേറുമാണ് ഗായകർ. എഡിറ്റിംഗ്: രഞ്ജൻ എബ്രാഹം, ഛായാഗ്രഹണം: മഹേഷ് ആനേ. മുംബൈ ട്രിലൈറ്റ് ക്രിയേഷൻസ് ചിത്രം പ്രദർശനശാലകളിലേക്കെത്തിക്കുന്നു.





## കൗദാശികരക്ഷ



ഗ്രന്ഥകർത്താ : ഫാ. ഡോ. മനോജ് പ്ലാത്തോട്ടത്തിൽ
പ്രസാധനം : ആത്മ ബുക്സ്, കോഴിക്കോട്
വിതരണം : സെന്റ് തോമസ് ബുക്സ്റ്റാൾ, പാലാ
വില : ₹ 300

മനുഷ്യബുദ്ധിക്ക് അഗ്രാഹ്യമായ കൂദാശാരഹസ്യങ്ങളുടെ ഉൾപ്പൊരുൾ പഠനവിധേയമാക്കുന്ന ഒരു സൽഗ്രന്ഥം. കൂദാശകളെക്കുറിച്ചു പൊതുവായും ഓരോ കൂദാശയെയുംകുറിച്ചു വളരെ വിശദമായും ഇതിൽ പ്രതിപാദിക്കുന്നു. ഓരോ ക്രൈസ്തവവിശ്വാസിയും അവശ്യം വായിച്ചിരിക്കേണ്ട ഒരു ഉത്തമകൃതി.


## വിശുദ്ധരുടെ കൗതുകകഥകൾ



ഗ്രന്ഥകർത്താ : ജോസ് വഴുതനപ്പിള്ളി
പ്രസാധനം : ആത്മ ബുക്സ്, കോഴിക്കോട്
വിതരണം : സെന്റ് തോമസ് ബുക്സ്റ്റാൾ, പാലാ
വില : ₹ 350

വിശുദ്ധരുടെ ജീവചരിത്രം സാഹസികതകളും ആകസ്മികസംഭവങ്ങളും നിറഞ്ഞതാണ്. അവരുടെ ജന്മനാടുകളിൽ അവരെപ്പറ്റി ധാരാളം നാടോടിക്കഥകളും ഐതിഹ്യങ്ങളുമുണ്ട്. അവ ചരിത്രസത്യങ്ങളോട് ഇഴചേർന്നു നിൽക്കുന്നു. രോമാഞ്ചമുണർത്തുന്ന, അത്തരം കുറെ കഥകളുടെ അപൂർവസമാഹാരം.

## കേരളത്തിലെ പൊതുവിദ്യാഭ്യാസത്തിന് ഒരു മാതൃകാ മാർഗരേഖ



ഗ്രന്ഥകർത്താ : ഡോ. തോമസ് മൂലയിൽ
പ്രസാധനം : ജീവൻബുക്സ്, ഭരണങ്ങാനം
വിതരണം : സെന്റ് തോമസ് ബുക്സ്റ്റാൾ, പാലാ
വില : ₹ 200

വിയോജിപ്പിനുള്ള അവസരങ്ങൾ നിലനിറുത്തിക്കൊണ്ടുതന്നെ ആരോഗ്യപരമായ സംവാദങ്ങൾക്കു വഴിതുറക്കുന്ന ഗ്രന്ഥം. ഇതിലെ ആശയങ്ങൾ സദുദ്ദേശ്യത്തിന്റെയും സന്മനസ്സിന്റെയും വെളിച്ചം പകരുന്നു. കേരളത്തിന്റെ വിദ്യാഭ്യാസപുരോഗതിക്കു മാർഗദർശകമാകുന്ന ഗ്രന്ഥം.

# വിജയക്കൊടി ഉയർത്തി ജി 20 സമ്മേളനം



ഫാ. മാത്യു ചന്ദ്രൻകുന്നേൽ

നേർമൊഴി

ഡൽഹിയിലെ പ്രഗതി മൈതാനിയിൽ കെട്ടിയുയർത്തിയ ഭാരത് മണ്ഡപത്തിൽ ജി 20 നേതാക്കന്മാരുടെ സമ്മേളനം സമംഗളം സമാപിച്ചു. 2022 ലെ ജി 20 ഉച്ചകോടി നടന്നത് ഇന്തോനേഷ്യയിലായിരുന്നു. 2024 ൽ അതു നടക്കേണ്ടത് ബ്രസീലിലാണ്. ബ്രസീലിയൻ പ്രസിഡന്റ് ലുല ദ സിൽവ ഇന്ത്യൻ പ്രധാനമന്ത്രി നരേന്ദ്രമോദിയിൽനിന്ന് അതിനുള്ള ചുമതല ഔദ്യോഗികമായി ഏറ്റെടുത്തു.


ജി 20 ഉച്ചകോടിയുടെ വിജയത്തിനുവേണ്ടി പ്രവർത്തിച്ച മുഖ്യസംഘാടകൻ അഥവാ 'ഷെർപ്പ്' രാജ്യത്തെ സീനിയർ ബ്യൂറോക്രാറ്റായ അമിതാഭ് കാന്ത് ആയിരുന്നു. കേരള കേഡർ ഐ.എ.എസ്. ഉദ്യോഗസ്ഥനായിരുന്നു അമിതാഭ് കാന്ത്. നീതി ആയോഗിന്റെ മുൻ അധ്യക്ഷൻ എന്ന നിലയിലും അദ്ദേഹം ശ്രദ്ധേയനാണ്. അദ്ദേഹത്തോടൊപ്പം ഈനം ഗംഭീർ, നാഗരാജ് നായിഡു, ആശിഷ് സിൻഹ എന്നീ ഐ.എഫ്.എസ്. ഉദ്യോഗസ്ഥരും അഭയ ഠാക്കൂർ എന്ന മറ്റൊരു മുതിർന്ന ഉദ്യോഗസ്ഥനും പങ്കാളികളായിരുന്നു. ഇവരെല്ലാവരും വിദേശകാര്യവകുപ്പിൽ സേവനമനുഷ്ഠിച്ചു കാര്യശേഷി തെളിയിച്ചിട്ടുള്ളവരാണ്. അവരുടെ കർമശേഷിയും ആഴമായ അറിവും ആശയവിനിമയമികവും നേതാക്കന്മാരെ തമ്മിൽ ഒന്നിപ്പിക്കാനുള്ള അനിതരസാധാരണമായ നേതൃശേഷിയുമാണ് ഡൽഹി ഉച്ചകോടി വൻവിജയമാകാൻ കാരണം. സംഘാടകരെല്ലാം ഇംഗ്ലീഷ്, സ്പാനീഷ്, ചൈനീസ്, റഷ്യൻ, ജർമൻ എന്നീ ഭാഷകൾ അനായാസം കൈകാര്യം ചെയ്യാൻ കഴിവുള്ളവരായിരുന്നു. അതുകൊണ്ട് ദ്വിഭാഷികളെക്കൂടാതെ നേരിട്ട് നേതാക്കളുമായി ചർച്ച ചെയ്യാൻ സാധിച്ചു. ഇരുന്നൂറു മണിക്കൂർ മാരത്തോൺ ചർച്ച, മുന്നൂറിലധികം വിഷയങ്ങളെ സംബന്ധിച്ചു പരിമിതമായ സമയത്തിനുള്ളിൽ പൂർത്തിയാക്കാൻ കഴിഞ്ഞതുകൊണ്ടാണ് യുക്രെയ്നിൽ റഷ്യൻ അധിനിവേശമുണ്ടായിട്ടുപോലും വിരുദ്ധാഭിപ്രായങ്ങളും വിവാദപ്രസ്താവനകളുമില്ലാതെ സമാനചിന്താഗതികളോടെ പൊതുവിഷയങ്ങളെ അഭിസംബോധന ചെയ്യാൻ ഡൽഹി ഉച്ചകോടിക്കു സാധിച്ചത്. അത് ഇന്ത്യൻ നയതന്ത്രവിദഗ്ധരുടെയും ഇന്ത്യൻ പ്രധാനമന്ത്രിയുടെയും വിജയമാണ്.

അടിസ്ഥാനസൗകര്യങ്ങളുടെ വികസനത്തിനും റോഡുകളുടെ നവീകരണത്തിനും സുരക്ഷാസന്നാഹങ്ങൾക്കും ദീപാലങ്കാരങ്ങൾക്കും തലസ്ഥാനനഗരി മോടി പിടിപ്പിക്കുന്നതിനും സമ്മേളനച്ചെലവിനും മറ്റുമായി കേന്ദ്രസർക്കാർ ചെലവഴിച്ചത് 4100 കോടി രൂപയാണ്. അത്രയും വലിയ തുക മുടക്കിയിട്ട് എന്തു നേടി എന്നു ചോദിക്കുന്നവരുണ്ട്. ലോകരാജ്യങ്ങൾക്കിടയിൽ ഇന്ത്യയുടെ മഹത്ത്വം ഉയർത്തി പ്രതിഷ്ഠിക്കാനും പ്രധാനമന്ത്രിയുടെ പ്രതിച്ഛായ മെച്ചപ്പെടുത്താനും അതു സഹായിച്ചു. ജി 20 രാജ്യങ്ങൾക്ക് ഇന്ത്യയെ നേരിട്ടു കണ്ടു മനസ്സിലാക്കാനും ഇന്ത്യയ്ക്കു ജി 20 രാജ്യങ്ങളുമായി ബന്ധങ്ങൾ മെച്ചപ്പെടുത്താനും ഈ ഉച്ചകോടി വേദിയായി. ദക്ഷിണദേശത്തെ പ്രമാണി ഇന്ത്യയാണെന്നു സ്ഥാപിക്കാൻ ഡൽഹി ഉച്ചകോടിക്കു സാധിച്ചു.

കഴിഞ്ഞ നൂറ്റാണ്ടിന്റെ അവസാനദശകത്തിൽ ലോകമെമ്പാടുമുണ്ടായ സാമ്പത്തികമാന്ദ്യത്തിന്റെ പശ്ചാത്തലത്തിൽ അന്താരാഷ്ട്രസാമ്പത്തികസഹകരണത്തിനും സുസ്ഥിരവികസനപദ്ധതികൾക്കുമായി രൂപംകൊണ്ട സമിതിയാണ് 2002 ൽ ജി 20 സമ്മേളനത്തിന്റെ ആദ്യപതിപ്പായി മാറിയത്. 2008 ൽ അമേരിക്കയിലെ വാഷിങ്ടൺ ഡിസിയിലാണ് ഇന്നത്തെ നിലയിലുള്ള ജി 20 സമ്മേളനത്തിന്റെ തുടക്കം. സാമ്പത്തികഭദ്രതയുള്ള 19 രാജ്യങ്ങളും യൂറോപ്യൻ യൂണിയനും ചേർന്നതാണ് ജി 20 പ്രസ്ഥാനം. അർജന്റീന, ഓസ്ട്രേലിയ, ബ്രസീൽ, കാനഡ, ചൈന, ഫ്രാൻസ്, ജർമനി, ഇന്ത്യ, ഇന്തോനേഷ്യ, ഇറ്റലി, ജപ്പാൻ, കൊറിയ, മെക്സിക്കോ, റഷ്യ, സൗദി അറേബ്യ, ദക്ഷിണാഫ്രിക്ക, ടർക്കി, അമേരിക്ക, ബ്രിട്ടൻ എന്നീ രാജ്യങ്ങളും യൂറോപ്യൻ യൂണിയനും ചേർന്നതാണ് ജി 20. അടുത്ത കാലത്ത് ജി 20 യിൽ ആഫ്രിക്കൻ യൂണിയനും അംഗത്വം നൽകിയിട്ടുണ്ട്.

ആഗോളസാമ്പത്തികപ്രശ്നങ്ങൾ ചർച്ച ചെയ്ത് പരസ്പരം സഹകരണം ഉറപ്പാക്കുക, സാമ്പത്തികസ്ഥിരത, സുസ്ഥിരവികസനം, ആഗോള കാലാവസ്ഥാവ്യതിയാനം, സാങ്കേതികവിദ്യകളുടെ കൈമാറ്റം മുതലായ നിർണായകവിഷയങ്ങൾ ചർച്ച ചെയ്തു പരിഹാരം ഉണ്ടാക്കുകയെന്നതാണ് ജി 20 ഉച്ചകോടിയുടെ ലക്ഷ്യം. ജി 20 ഉച്ചകോടിക്ക് ഒരു പ്രത്യേക കേന്ദ്ര ഓഫീസില്ല. ഉച്ചകോടിക്ക് ആതിഥ്യം വഹിക്കുന്ന രാജ്യമാണ് അംഗരാജ്യങ്ങളുമായി ഭാവിപരിപാടികൾ ചർച്ച ചെയ്തു തീരുമാനിക്കേണ്ടത്.

'ഒരു ഭൂമി, ഒരു കുടുംബം, ഒരു ഭാവി' എന്നതായിരുന്നു 2023 ലെ ജി 20 ഉച്ചകോടിയുടെ പ്രമേയം. ഉച്ചകോടിയുടെ സമാപനസമ്മേളനത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി മുന്നോട്ടുവച്ച നിർദേശങ്ങൾക്ക് അംഗരാഷ്ട്രങ്ങളുടെ പിന്തുണ ലഭിച്ചു. ഐക്യരാഷ്ട്ര സംഘടനയിൽ ഇന്ത്യയ്ക്കു സ്ഥിരാംഗത്വം നൽകുക, ലോകബാങ്ക്, രാജ്യാന്തരനാണ്യനിധി തുടങ്ങിയ സ്ഥാപനങ്ങളിൽ വികസ്വരരാജ്യങ്ങൾക്കു മതിയായ പ്രാതിനിധ്യം നൽകുക തുടങ്ങിയ നിർദേശങ്ങൾ ശ്രദ്ധിക്കപ്പെട്ടു. അതുപോലെതന്നെ, അടുത്ത വർഷത്തെ ഉച്ചകോടിയിൽ സാമൂഹികനീതി, വിശപ്പിനെതിരായ പോരാട്ടം, പുതിയ ഊർജസ്രോതസ്സുകളിലേക്കുള്ള മാറ്റം, ആഗോളസംഘടനകളുടെ പരിഷ്കരണം തുടങ്ങിയ വിഷയങ്ങൾ ചർച്ച ചെയ്യാനും തീരുമാനമായി. അതിനെല്ലാം നേതൃത്വം വഹിക്കാൻ സാധിച്ചതാണ് ഇന്ത്യ കൈവരിച്ച നേട്ടം. ■




(1-ാം പേജ് തുടർച്ച)

# വസുധൈവ കുടുംബകം

രാഷ്ട്രനേതാക്കളുമായുള്ള വ്യക്തിബന്ധം, നയതന്ത്ര ഇടപെടൽ തുടങ്ങി വിവിധ തലത്തിൽ നടത്തിയ ചർച്ചയാണ് സംയുക്തപ്രസ്താവന സാധ്യമാക്കിയത്. യുക്രെയ്ൻ വിഷയത്തിൽ യുഎൻ ചാർട്ടർപ്രകാരം പരിഹാരമുണ്ടാക്കണമെന്ന നിർദേശം അങ്ങനെയാണ് ഉരുത്തിരിയുന്നത്.

യുക്രെയ്ൻ വിഷയത്തിൽ അംഗരാജ്യങ്ങൾക്ക് പല നിലപാടായതിനാൽ ഒരു സംയുക്തപ്രസ്താവന അംഗീകരിക്കാൻ കഴിയുമോ എന്ന സംശയം അവസാന നിമിഷംവരെയും നിലനിന്നിരുന്നു. 200 മണിക്കൂർ നീണ്ട സംവാദങ്ങൾക്കും 300 ഓളം ഉഭയകക്ഷി ചർച്ചകൾക്കും ശേഷമാണ് ഡൽഹിപ്രഖ്യാപനത്തിൽ അംഗരാജ്യങ്ങൾ സമവായത്തിലെത്തിയത്. 15 കരടുറിപ്പോർട്ടുകളാണ് ഇന്ത്യയുടെ ജി 20 ഷെർപ അമിതാഭ് കാന്തും സംഘവും തയ്യാറാക്കിയത്. ഇന്ത്യയുടെ ഏറ്റവും വലിയ നയതന്ത്ര വിജയമായി ഡൽഹിപ്രഖ്യാപനം മാറി. ഇന്ത്യ-ചൈന അതിർത്തിത്തർക്കത്തെത്തുടർന്ന് ചൈനീസ് പ്രസിഡന്റ് ഷി ജിൻപിംഗ് ഉച്ചകോടിക്ക് എത്തിയില്ല. ചൈനയുടെ താത്പര്യത്തിനനുസരിച്ച് സമ്മേളനം മാറാതിരിക്കാൻ ജി 20 സംയുക്തപ്രഖ്യാപനത്തിൽ അംഗരാജ്യങ്ങൾ സമവായത്തിൽ എത്തി.

കഴിഞ്ഞവർഷം ബാലി ജി 20 യിൽ റഷ്യയെ എതിർസ്ഥാനത്തു നിർത്തിത്തന്നെ യുക്രെയ്ൻ അധിനിവേശത്തെ അംഗരാജ്യങ്ങൾ ശക്തമായി അപലപിച്ചിരുന്നു. യുക്രെയ്നിൽ റഷ്യ നടത്തിയ അധിനിവേശത്തെ അപലപിക്കുമ്പോൾത്തന്നെ, രാജ്യത്തിന്റെ പേരു പരാമർശിക്കാതെ അതു സാധ്യമാക്കാമെന്ന ഇന്ത്യയുടെ നിർദേശം പാശ്ചാത്യരാജ്യങ്ങൾ അംഗീകരിക്കുകയായിരുന്നു. മാത്രമല്ല, ആണവായുധം പ്രയോഗിക്കുമെന്ന ഭീഷണി അംഗീകരിക്കാനാകില്ലെന്ന പരാമർശത്തിലും റഷ്യ എന്ന രാജ്യത്തിന്റെ പേര് ചൂണ്ടിക്കാട്ടിയില്ല.

ഇന്ത്യ ആതിഥേയത്വം വഹിക്കുന്ന ജി 20 യിൽ സമവായമുണ്ടാക്കാനാകാതെ പോയാൽ അത് ചൈനീസ്താത്പര്യത്തിന് അനുസൃതമായി അന്താരാഷ്ട്ര അധികാരഘടന രൂപപ്പെടുത്താനുള്ള ശ്രമങ്ങൾ വിജയിക്കുന്നതിൽ നിർണായകമാകും. ഇത് വലിയ പ്രത്യാഘാതമുണ്ടാക്കുമെന്ന തിരിച്ചറിവാണ് ശക്തമായൊരു ഇടപെടലിലേക്ക് ഇന്ത്യയെ നയിച്ചത്. ഇതേ ആശങ്ക പാശ്ചാത്യരാജ്യങ്ങൾക്കും ഉണ്ടായിരുന്നു. ഇന്ധനകയറ്റുമതിയിലുൾപ്പെടെ റഷ്യയെ വിമർശിക്കുന്നതു തിരിച്ചടിയാകുമെന്ന പാശ്ചാത്യരാജ്യങ്ങളുടെ ഭയവും സംയുക്തപ്രസ്താവന സാധ്യമാക്കുന്നതിൽ നിർണായകമായി. ജി 20 ക്കുമുമ്പ് വിവിധ രാജ്യങ്ങൾ സന്ദർശിച്ച പ്രധാനമന്ത്രിയുടെ ഇടപെടലും സമവായത്തിലെത്താൻ സഹായിച്ചിട്ടുണ്ടെന്ന് വിദേശകാര്യമന്ത്രി എസ് ജയശങ്കർ അഭിപ്രായപ്പെട്ടു.

**ഇന്ത്യ -മിഡിൽ ഈസ്റ്റ് - യൂറോപ്പ് സാമ്പത്തിക ഇടനാഴി**

ഇന്ത്യ - മിഡിൽ ഈസ്റ്റ് - യൂറോപ്പ് സാമ്പത്തിക ഇടനാഴി ഉച്ചകോടിയിൽ പ്രഖ്യാപിച്ചതും ആതിഥേയ രാജ്യത്തിന്റെ നേട്ടമായി വിലയിരുത്തുന്നുണ്ട്. ചൈനയുടെ വൺ ബെൽറ്റ് വൺ റോഡ് പദ്ധതിക്ക് ബദലാണിത്. പശ്ചിമേഷ്യൻരാജ്യങ്ങളെ റെയിൽവഴിയും ഈ രാജ്യങ്ങളെ തുറമുഖംവഴിയും ഇന്ത്യയുമായും യൂറോപ്പുമായും ബന്ധിപ്പിക്കുന്നതാണു പദ്ധതി. ജൈവ ഇന്ധനങ്ങൾക്കായുള്ള ആഗോളസഖ്യം, അടിസ്ഥാനസൗകര്യവികസനത്തിനും നിക്ഷേപത്തിനുംവേണ്ടിയുള്ള ആഗോളപങ്കാളിത്തം, റെയിൽവേ, തുറമുഖപദ്ധതിയിലൂടെ ഗൾഫ്‌രാജ്യങ്ങളുമായി ഇന്ത്യയെ ബന്ധിപ്പിക്കുന്നതിനുള്ള മിഡിൽ ഈസ്റ്റ് ഇൻഫ്രാസ്ട്രക്ചർ കോറിഡോർ പങ്കാളിത്തപദ്ധതി എന്നിവയ്ക്കും തുടക്കം കുറിച്ചു.

റിസർവ് ബാങ്കിന്റെ ഡിജിറ്റൽ കറൻസിയടക്കം പരീക്ഷണഘട്ടത്തിലുള്ള ധനകാര്യമേഖലയിലെ പുതിയ സാങ്കേതികവിദ്യകൾ ഉച്ചകോടിയിൽ പ്രദർശിപ്പിച്ചു. ഉച്ചകോടിക്കിടെ പ്രധാനമന്ത്രി നരേന്ദ്രമോദി വിവിധ രാഷ്ട്രത്തലവൻമാരുമായി ഉഭയകക്ഷി കൂടിക്കാഴ്ച നടത്തി. ഉച്ചകോടിക്കു മുമ്പ് യു എസ് പ്രസിഡന്റ് ജോ ബൈഡനുമായും പ്രധാനമന്ത്രിയുടെ വസതിയിൽ കൂടിക്കാഴ്ച നടത്തിയിരുന്നു. കൂടിക്കാഴ്ചയിൽ തന്ത്രപ്രധാനമേഖലകളിലെ സഹകരണം കൂടുതൽ ശക്തിപ്പെടുത്തുന്നതിനു ധാരണയിലെത്തി. ഉച്ചകോടിക്കു പിറ്റേന്ന് സൗദി കിരീടാവകാശി മുഹമ്മദ് ബിൻ സൽമാൻ രാജകുമാരനുമായി മോദി കൂടിക്കാഴ്ച നടത്തി വിവിധ കരാറുകളിൽ ഒപ്പുവച്ചു.

**ആഫ്രിക്കൻ യൂണിയന് അംഗത്വം**

ക്ഷണിതാക്കളടക്കം 40 രാജ്യങ്ങളിൽനിന്നുള്ള പ്രതിനിധികൾ ദ്വിദിന ഉച്ചകോടിയിൽ ചേർന്നു. ആഫ്രിക്കൻ യൂണിയൻ 21-ാം അംഗരാജ്യമായി ജി 20 ൽ ചേർന്നു. ആഫ്രിക്കൻ രാജ്യങ്ങളിലെ വിപണിയിലും പ്രകൃതിസ്രോതസ്സുകളിലുമാണ് ലോകരാജ്യങ്ങളുടെ കണ്ണ്. യൂറോപ്പ് ലക്ഷ്യമാക്കിയുള്ള ചൈനീസ് കയറ്റുമതിക്ക് ബദൽമാർഗമാണ് ആഫ്രിക്കൻ യൂണിയന്റെ ജി 20 പ്രവേശനത്തിലൂടെ ഇന്ത്യ അടക്കമുള്ള രാജ്യങ്ങൾ ലക്ഷ്യമിടുന്നത്. ■

നോവൽ 13

തേക്കിൻകാട് ജോസഫ്



# പലായനം

മഞ്ഞുകണങ്ങൾ ചിതറിവീണ ചില്ലുജാലകങ്ങൾക്കിടയിലൂടെ പ്രഭാതരശ്മികൾ കടന്നുവന്ന് വെളിച്ചം വിതറിയപ്പോൾ ഇയ്യോബ് ഉണർന്നു. കമ്പിളിപ്പുതപ്പിനുള്ളിൽ അയാൾ നിവർന്നു കിടന്നു. ഇളംചൂടിന്റെ സുഖദമായ ആലസ്യം അയാളെ തഴുകിനിന്നു.

റബർ എസ്റ്റേറ്റിനെക്കാൾ ഇപ്പോൾ ആവശ്യം സ്വന്തമായി ഒരു കാർ ആണ്. ഇനിയിപ്പോൾ കേസു സംബന്ധിച്ച് പീരുമേട് കോടതിയിൽ കൂടക്കൂടെ വരേണ്ടിവരും. എന്നും അമ്മായിയപ്പന്റെ കാർ ചോദിക്കുന്നത് നാണക്കേടാണ്.

സായ്‌വിനു രണ്ടു കാർ ഉണ്ടെന്നറിയാം. ഒരെണ്ണം വിൽക്കുന്നുണ്ടോ എന്നു ചോദിക്കാം. സായ്‌വുമായുള്ള സൗഹൃദത്തിൽ അതിനുള്ള സ്വാതന്ത്ര്യം തനിക്കുണ്ട്.

വാതിലിൽ മെല്ലെ മുട്ടുന്ന ശബ്ദം കേട്ടു. ഇയ്യോബ് കിടക്കയിൽ എണീറ്റിരുന്നു. സായ്‌വിന്റെ പരിചാരകനാണ്. ചൂടുള്ള നീലഗിരിക്കാപ്പി മൊത്തിക്കുടിച്ചപ്പോൾ നല്ല ഉന്മേഷം.

അയാൾ ജനാലയിലൂടെ പുറത്തേക്കു നോക്കി. വിശാലമായ ലോണിലെ കല്ലുകൾ പാകിയ നടപ്പാതയിലൂടെ എലിസ മിൽട്ടൺ പ്രഭാതസവാരിയിലാണ്. മദാമ്മ ധരിച്ചിരിക്കുന്ന വെള്ളത്തൊപ്പിയിൽ മഞ്ഞിൻകണങ്ങൾ തിളങ്ങിനില്ക്കുന്നു. എലീസയുടെ സുന്ദരിപ്പൂച്ച അവളുടെ പിന്നാലെയുണ്ട്. സായ്‌വ് ഇനിയും ഉണർന്നിട്ടുണ്ടാവില്ല.

പ്രഭാതകൃത്യങ്ങൾക്കുശേഷം ഇയ്യോബ് ബംഗ്ലാവിന്റെ മുൻവശത്തെ പാർലറിലേക്കു ചെന്നു. അവിടെ മിൽട്ടൻ സായ്‌വ് സിഗരറ്റ് വലിച്ചിരിപ്പുണ്ട്. രണ്ടുപേരും പരസ്പരം അഭിവാദ്യം ചെയ്തു.

സായ്‌വിന്റെ ഡോഡ്ജ് കാർ മുറ്റത്തു കിടപ്പുണ്ട്.

ഇയ്യോബ് തുടക്കമിട്ടു:

“എനിക്കൊരു കാർ വാങ്ങണമെന്നുണ്ട്. ഞാൻ വന്ന കാർ ഫാദർ ഇൻലോയ്ടേതാണ്.”

“താത്പര്യമുണ്ടെങ്കിൽ എന്റെ ഡോഡ്ജ് എടുത്തോളൂ. എലിസയ്ക്ക് ഡോഡ്ജിൽ താത്പര്യമില്ല. ഷി പ്രിഫർ ഔർ മോറീസ് മൈനർ.”

അപ്പോൾ ഗാരേജിൽനിന്നു എലിസ മോറീസ് മൈനർ സ്റ്റാർട്ടാക്കുന്ന ശബ്ദം കേട്ടു. അവർ വണ്ടി പുറത്തിറക്കി എങ്ങോട്ടോ ഓടിച്ചുപോയി.

“എലീസ രാവിലെ എസ്റ്റേറ്റ് വഴിയേ ഒരു റൗണ്ട് ഓടിക്കും. പോകുന്നവഴി ടാപ്പിങ് തൊഴിലാളികളെ അവർ അഭിവാദ്യം ചെയ്യും.”

സായ്‌വ് സിഗരറ്റുപുക ഊതിവിട്ടുകൊണ്ടു പറഞ്ഞു.

“സായ്‌വ് എന്താണ് വില ഉദ്ദേശിക്കുന്നത്? തത്കാലത്തേക്ക് ഒരു ഡ്രൈവറെയും വിട്ടുതരണം.”

“യെസ്. യെസ് മൈഫ്രണ്ട് ഇയ്യോബ്. നാം തമ്മിലൊരു ഡീലിൽ തർക്കമുണ്ടാവില്ല.”

മിൽട്ടൺ സായ്‌വ് എണീറ്റു. അയാൾ ആഷ്ട്രേയിൽ സിഗരറ്റ് കുത്തിക്കെടുത്തി.

“വരൂ ഇയ്യോബ്, ഡോഡ്ജിൽ നമുക്കൊരു ഡ്രൈവ് പോകാം. നിങ്ങൾക്ക് എന്റെ വണ്ടിയുടെ കണ്ടീഷൻ അറിയുകയും ചെയ്യാം.”

അവർ അരമണിക്കൂർ റബർ പ്ലാന്റേഷനിലൂടെയും ടീ എസ്റ്റേറ്റിലൂടെയും ഒരു സവാരി നടത്തി. ടാപ്പിങ് തൊഴിലാളികൾ ഉന്മേഷത്തോടെ പണിയെടുക്കുന്നു. ടീ എസ്റ്റേറ്റ് ഇനിയും ഉണർന്നിട്ടില്ല. ഫാക്ടറിയിൽനിന്ന് എട്ടുമണിയുടെ സൈറൺ മുഴങ്ങണം.

തിരികെ വന്ന് ബ്രേക്ക് ഫാസ്റ്റ് കഴിഞ്ഞ് പുറപ്പെടാൻനേരം ജോൺ മിൽട്ടൺ ഒരു തുണ്ടുകടലാസിൽ കാറിന്റെ വില കുറിച്ചു കൊടുത്തു.

“ഓക്കെ ഇയ്യോബ്. ഗുഡ് ലക്ക്. ഗോഡ് ബ്ലെസ് യു.”

സായ്‌വ് യാത്രാമംഗളങ്ങൾ ചൊല്ലി.

വഴിയിലെ മൂടൽമഞ്ഞ് അപ്പോഴും മാറിയിട്ടില്ല. ഡ്രൈവർ വളരെ ശ്രദ്ധിച്ചാണ് വണ്ടി ഓടിക്കുന്നത്.



ഇയ്യോബ് സായ്‌വ് കുറിച്ചുകൊടുത്ത തുണ്ടുകടലാസിൽ നോക്കി. വലിയ വില എഴുതിയിട്ടില്ല. അപ്പനോടുകൂടി പറഞ്ഞു സമ്മതം വാങ്ങിയിട്ടുവേണം വില ഉറപ്പിക്കാൻ. അമ്മച്ചി ഒന്നിനും എതിരുപറയില്ല.

ഉച്ചസമയത്ത് വീട്ടിലെത്തുമ്പോൾ ആണ്ടമ്മ പൂമുഖത്തുണ്ടായിരുന്നു.

“ടാ... മോനേ! നിയ്യ് എവിടെയായിരുന്നു രണ്ടു ദെവസം? താണ്ടമ്മേ കണ്ടോ? അവൾക്കെന്താണ്ട് വിശേഷം?”

ആണ്ടമ്മ മകനെ കണ്ടപാടേ ചോദ്യശരങ്ങൾകൊണ്ടു മൂടി.

“പറയാം അമ്മച്ചി. ഞാനൊന്നു മൊഖം കഴുകട്ടെ.”

വാൽക്കിണ്ടിയിൽനിന്നു വെള്ളമെടുത്ത് മുറ്റത്തേക്കു മാറി മുഖം കഴുകി ആണ്ടമ്മയുടെ തോളിൽ കിടന്ന രണ്ടാംമുണ്ടെടുത്ത് മുഖം തുടച്ച് ഇയ്യോബ് അമ്മയോടു തന്റെ യാത്രയിലെ വിശേഷങ്ങൾ വിശദമായി പറഞ്ഞു. ശബ്ദംകേട്ട് അറയിൽനിന്ന് ഇറങ്ങിവന്ന മാത്തുത്തരകനും ശ്രോതാവായി.

കാറു വാങ്ങുന്ന കാര്യം പറഞ്ഞപ്പോൾ ആണ്ടമ്മയുടെ പ്രതികരണം ഇതായിരുന്നു:

“നന്നായി. മാളികക്കാർക്ക് കാർ ആകാമെങ്കി കൊട്ടാരമുറ്റത്തും ഒരു കാറ് കെടക്കണത് ഒരന്തസ്സാ. ആ സായ്പ്പിന് നല്ല ബുദ്ധി തോന്നാൻ മാതാവിനോടു പ്രത്യേകം പ്രാർഥിക്ക്.”

“എല്ലാം നടക്കും അമ്മച്ചീ. നമ്മളെ കർത്താവ് കൈവെടിയില്ല.”

ഇയ്യോബ് കർത്താവിനെ ഓർമിച്ചു.

“ഇനീപ്പോ കോടതീല് പോവുന്നകൊണ്ട് കാറു വേണ്ടിവരും. പീരുമേട്ടില് പോവ്ണ്ടേ.”

മാത്തുത്തരകൻ ആരോടെന്നില്ലാതെ ആത്മഗതം ചെയ്തു.

“നിയ്യ് കുളിച്ചിട്ടു വാ. ഞാൻ പോയ് ചോറു വെളമ്പാം. ങ്ഹാ ആ ഡ്രൈവറെക്കൂടി നിയ്യ് ചെന്ന് വിളിക്ക്.” ആണ്ടമ്മ എണീറ്റു.

ഇയ്യോബ് വേഗം കുളിച്ചു വന്നു. ഡ്രൈവർ മത്തായി പൂമുഖത്തെ ചാരുബഞ്ചിൽ ഇരിപ്പുണ്ട്. ഇയ്യോബിനെ കണ്ട് അയാൾ എണീറ്റു.

“അവ്ടെയിരിക്കൂ ചേട്ടാ. ഞാൻ ചെന്ന് ചോറു റെഡിയായോന്നു നോക്കട്ടെ.”

അവരുടെ സംഭാഷണം കേട്ട് ആണ്ടമ്മ അങ്ങോട്ടു വന്നു.

“എല്ലാരും വരിൻ. ഊണു കഴിക്കാം.”

ഊണുമുറിയിൽ മാത്തുത്തരകനും ഇയ്യോബും ഇരുന്നു. ഡ്രൈവർ മത്തായി മടിച്ചുനിന്നു.

“ഇരിക്കൂചേട്ടാ. ചേട്ടൻ ഞങ്ങടെ അതിഥിയല്ലേ?” ഇയ്യോബ് ഡ്രൈവറെ നിർബന്ധിച്ച് ഒപ്പമിരുത്തി.

സമൃദ്ധമായ ഉച്ചഭക്ഷണം കഴിഞ്ഞു മടങ്ങുമ്പോൾ ഇയ്യോബ് ഡ്രൈവറുടെ കൈയിൽ ഒരു പണക്കിഴി വച്ചു കൊടുത്തു.

“ഇതിരിക്കട്ടെ ചേട്ടാ.”

ഡ്രൈവർ മത്തായി അതു വാങ്ങാൻ മടിച്ചു.

“ചേട്ടൻ രണ്ടു ദെവസായില്ലേ എന്നോടൊപ്പം കൂടീട്ട്? ഒരു സന്തോഷം” ഡ്രൈവർ മത്തായി ഇയ്യോബിന്റെ നിർബന്ധത്തിനു വഴങ്ങി.

“ഇനീം അത്യാവശ്യം വന്നാല് വിളിക്കും. അപ്പോ ചേട്ടൻ വരണം.”

“തര്യൻ മുതലാളിയോടു പറഞ്ഞാ മതി. ഞാനെത്തിക്കോളാം.”

മത്തായി കൈകൂപ്പി. ഇയ്യോബ് പടിപ്പുരയ്ക്കു പുറത്ത് കാറിനടുത്തുവരെ ചെന്നു. കാർ മെല്ലെ നീങ്ങി.

ഈ പടിപ്പുരയ്ക്കു സൈഡിൽ കാർ കയറ്റാൻ മതിൽ പൊളിച്ച് ഒരു ഗേറ്റുണ്ടാക്കണം.

ഇയ്യോബ് മനസ്സിലുറപ്പിച്ചു.

ഇയ്യോബ് തിടുക്കത്തിൽ മാത്തുത്തരകന്റെ അറയിലേക്കു ചെന്നു. മാത്തുത്തരകൻ വിശ്രമത്തിനുള്ള ഒരുക്കത്തിലായിരുന്നു.

“അപ്പാ നമ്മുക്കാ പ്രമാണങ്ങൾ നോക്കണം. അത് വക്കീലിനെ ഏല്പിക്കണം ഉടനെ.”

പ്രമാണങ്ങൾ വലിയ തരകന്റെ അറയിലാണ് സൂക്ഷിച്ചിരിക്കുന്നത്. വല്യപ്പച്ചന്റെ മരണശേഷം അറ പൂട്ടിയിരിക്കുകയാണ്. മാത്തുത്തരകൻ താക്കോൽക്കൂട്ടവുമെടുത്ത് ഇറങ്ങി. നാലു മൂലയിലും കൊത്തുപണികൾ ചെയ്ത പിച്ചളക്കെട്ടുള്ള ഒരു വലിയ കാൽപ്പെട്ടിയിലാണ് വല്യപ്പച്ചൻ പ്രമാണങ്ങൾ സൂക്ഷിച്ചിരിക്കുന്നത്. വലിയ തരകന്റെ തലയ്ക്കടിയിലാണ് അതിന്റെ താക്കോൽ സൂക്ഷിക്കുക.

വല്യപ്പച്ചന്റെ മരണശേഷം കാൽപ്പെട്ടിയുടെ താക്കോൽ കൂടി എടുത്ത് താക്കോൽകൂട്ടത്തിൽ ഇട്ടു. മാത്തുത്തരകൻ താക്കോൽ തിരഞ്ഞു കണ്ടുപിടിച്ച് കാൽപ്പെട്ടി തുറന്നു. അതിൽ ആധാരങ്ങൾ ചുരുളുകളായി അടുക്കിവച്ചിരിക്കുന്നു. കൊട്ടാരത്തിൽ തറവാട്ടിലെ എല്ലാ പ്രമാണങ്ങളും അതിലുണ്ട്.

ഇയ്യോബ് ഓരോന്നായി ചുരുൾ നിവർത്തി നോക്കി. മുന്നാധാരങ്ങൾ ശ്രദ്ധാപൂർവം മാറ്റിവച്ചു. നോക്കിക്കഴിഞ്ഞ ഓരോ ആധാരവും മാത്തുത്തരകൻ പൂർവസ്ഥിതിയിൽ ചുരുട്ടി അടുക്കിവച്ചു.

“മുന്നാധാരങ്ങൾ പോരെ, വക്കീലിന്? അപ്പച്ചന്റെ കാലത്തെ ക്രയവിക്രയങ്ങളുടെ പ്രമാണങ്ങൾ കൊണ്ടുപോണോ?”

മാത്തുത്തരകൻ സംശയമുന്നയിച്ചു.

“നമ്മടെ എല്ലാ പ്രമാണങ്ങളും കാണണമെന്നാ വക്കീല് പറഞ്ഞേ! അപ്പാ ഞാനൊരു കാര്യം ചെയ്യാം. ഒരു ലിസ്റ്റൊണ്ടാക്കാം. എന്നിട്ട് ഏല്പിക്കാം. വക്കീലിനെയും വൈദ്യനെയും വിശ്വസിക്കണമെന്നാണല്ലോ പറേണത്.”

ഇയ്യോബ് ചിരിച്ചു. പ്രമാണങ്ങൾക്കൊപ്പം നിരവധി കടലാസുകെട്ടുകളും വലിയ തരകൻ സൂക്ഷിച്ചിരുന്നു. അതൊക്കെ വലിയ തരകന്റെ കച്ചവടക്കാരുമായുള്ള ഇടപാടുകളുടെ രേഖ ആയിരുന്നു. ഇയ്യോബ് അവയെല്ലാം ശ്രദ്ധാപൂർവം എടുത്ത് ഒതുക്കിവച്ചു.

നാലരയടിയോളം പൊക്കമുള്ള കാൽപ്പെട്ടിയിൽനിന്നും ഇയ്യോബ് കുനിഞ്ഞുനിന്നാണ് പ്രമാണങ്ങളും മറ്റു രേഖകളും എടുത്ത് അപ്പന്റെ കൈയിൽ കൊടുക്കുന്നത്. ഈ പ്രമാണങ്ങൾ കൊണ്ടുപോകണമെങ്കിൽ ഒരു വലിയ തോൽപ്പെട്ടി വേണം.

അതു വല്യപ്പച്ചന്റെ അറയിലുണ്ട്. വല്യപ്പച്ചൻ ആലപ്പുഴയ്ക്കു വ്യാപാരാവശ്യങ്ങൾക്കു പോകുമ്പോൾ കൊണ്ടുപോയിരുന്ന ഒരു വലിയ തോൽപ്പെട്ടി അലമാരയുടെ മുകളിലിരിക്കുന്നത് ഇയ്യോബ് കണ്ടിട്ടുണ്ട്. അതുപയോഗിക്കാം. അയാൾ മനസ്സിൽ കരുതി.

ഇയ്യോബ് വീണ്ടും ബാക്കി പ്രമാണങ്ങൾ എടുക്കാൻ കാൽപ്പെട്ടിയിലേക്കു കുനിഞ്ഞു നോക്കി.

അപ്പോഴാണ് അതു ശ്രദ്ധയിൽപ്പെട്ടത്. ചുവന്ന പട്ടിൽ തീർത്ത ഒരു വലിയ കിഴി. ഇയ്യോബ് ആ വലിയ കിഴിയുടെ ചൂരൽ കൊണ്ടുതീർന്ന കൈപ്പിടിയിൽ കൈവച്ചു.

അതിന്റെ ഭാരംകൊണ്ട് ഇയ്യോബിന് അത് എടുത്തുയർത്താൻ കഴിഞ്ഞില്ല.

“അപ്പാ ഒരു വലിയ കിഴി. അപ്പനുംകൂടെ പിടിച്ചേ. എനിക്കു തന്നെ ഉയർത്താൻ കഴിയണില്ല.”

മാത്തുത്തരകനും ഇയ്യോബുതരകനും ചേർന്ന് ആ കിഴി ഉയർത്തിയെടുത്തു. അത് ഒരു ചുവന്ന പട്ടുചരടുകൊണ്ടു മുറുക്കിക്കെട്ടിയിരുന്നു.

തികഞ്ഞ ആകാംക്ഷയോടെ അവർ രണ്ടാളുംചേർന്ന് ആ കെട്ടഴിച്ചു. മാത്തുത്തരകനും ഇയ്യോബിനും അവരുടെ കണ്ണുകളെ വിശ്വസിക്കാൻ കഴിഞ്ഞില്ല.

ആ ചുവന്ന പട്ടുസഞ്ചിനിറയെ ബ്രിട്ടീഷ് കുതിരപ്പവനുകളായിരുന്നു. ഇയ്യോബ് വേഗം ഒരു മെത്തപ്പായ വിരിച്ചു. ആ പട്ടുസഞ്ചി ചെരിച്ചപ്പോൾ ഒരു കിലുകിലാരവത്തോടെ ജോർജ് ആറാമന്റെയും വിക്ടോറിയ രാജ്ഞിയുടെയും തലകൾ ആലേഖനം ചെയ്ത കുതിരപ്പവനുകൾ ചിതറിവീണു.

മാത്തുത്തരകനും ഇയ്യോബും വല്ലാതെ വിയർത്തു. അവർ പരസ്പരം മുഖത്തോടുമുഖം നോക്കി.

ആ സമയം വല്യപ്പച്ചന്റെ അറയിലേക്കു കടന്നുവന്ന ആണ്ടമ്മ കണ്ണുമഞ്ഞളിച്ച് അറിയാതെ നിലവിളിച്ചുപോയി.

“....ന്റെ കർത്താവേ! ഞാനെന്താണീ കാണണത്?”

ആണ്ടമ്മയുടെ സ്വരം ഇടറിയിരുന്നു.

(തുടരും)

# പുതുപ്പള്ളിയുടെ പാഠങ്ങൾ



ഡിജോ കാപ്പൻ

ജനാധിപത്യം എന്നത് അധികാരം പിടിച്ചെടുക്കാൻ ഏതാനും ആളുകൾ നടത്തുന്ന ചതുരംഗക്കളിയായി മാറുകയാണ്. ധാർമികതയ്ക്കും സിദ്ധാന്തങ്ങൾക്കും ഒരു പ്രസക്തിയും ഇല്ലാതായി. അടിസ്ഥാനരഹിതമായ ആരോപണങ്ങൾ ഉന്നയിച്ച് വ്യക്തിഹത്യ നടത്തിയും എതിരാളികളെയും കുടുംബാംഗങ്ങളെപ്പോലും തേജോവധം ചെയ്തും അധികാരം ഉറപ്പിക്കുന്ന കാലഘട്ടത്തിലൂടെയാണ് നാം കടന്നുപോകുന്നത്.

ഒരു വിശ്വാസ്യതയും ഇല്ലാത്ത സ്ത്രീ നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ ഉമ്മൻചാണ്ടിയെ സോളാർകേസിൽ പ്രതിയാക്കി വേട്ടയാടിയവർക്ക് ജനം നൽകിയ കടുത്തശിക്ഷയാണ് പുതുപ്പള്ളി ഉപതിരഞ്ഞെടുപ്പുഫലം. ക്ലിഫ് ഹൗസിൽ വച്ച് ഉമ്മൻചാണ്ടി പീഡിപ്പിച്ചു എന്നു പരാതിക്കാരി പറഞ്ഞ 2012 സെപ്റ്റംബർ 19 ന് അദ്ദേഹം ക്ലിഫ് ഹൗസിലേ ഉണ്ടായിരുന്നില്ലെന്ന് ക്രൈംബ്രാഞ്ച് അന്വേഷിച്ചു കണ്ടെത്തി. ഡിജിപി മാരായിരുന്ന അനിൽകാന്ത്, രാജേഷ് ദിവാൻ, ഐജി ദിനേദ്ര കശ്യപ് എന്നിവരെ കൂടാതെ ഇപ്പോഴത്തെ ഡിജിപി ഷേഖ്ദർ വേഷ്സാബിഹ് വരെ അന്വേഷിച്ച് ആരോപണങ്ങൾ വിശ്വസനീയമല്ലെന്നു സർക്കാരിനെ അറിയിച്ചതാണ്. പല കേസുകളിലും സിബിഐ അന്വേഷണം വേണ്ടെന്നു പറഞ്ഞു കോടികൾ മുടക്കി സുപ്രീംകോടതിയിൽ പോയ ഇടതുപക്ഷസർക്കാർ പരാതിക്കാരി നൽകിയ കത്തിന്റെ അടിസ്ഥാനത്തിൽ കേസ് സിബിഐയെ ഏല്പിച്ചു. ആരോപണങ്ങൾ കളവാണെന്ന് അന്വേഷണസംഘം കണ്ടെത്തി. ഉമ്മൻചാണ്ടിയെ അധികാരത്തിൽനിന്നു മാറ്റിനിറുത്തുക എന്ന ലക്ഷ്യത്തോടെ പരാതിക്കാരിക്കു പണം നൽകി ഒരു കത്ത് രൂപപ്പെടുത്തിയെന്ന വിവരവും ഇപ്പോൾ പുറത്തുവരുന്നുണ്ട്. കത്തിൽ ദുരൂഹമായ കൂട്ടിച്ചേർക്കലുകൾ നടത്തിയെന്നും ആദ്യകത്തിൽ 21 പേജായിരുന്നുവെന്നും പ്രസ്തുത കത്തിൽ ഉമ്മൻചാണ്ടിയുടെ പേരില്ലായിരുന്നുവെന്നും ദല്ലാൾ ചാനലിനു നൽകിയ കത്തിൽ 25 പേജ് ഉണ്ടായിരുന്നുവെന്നും ഇതേ ദല്ലാൾ സിബിഐയ്ക്കു കത്തു കൈമാറിയപ്പോൾ 19 പേജുമാത്രമായി ചുരുങ്ങിയെന്നുമാണ് ഇപ്പോൾ പുറത്തുവരുന്ന വിവരം. പുതുപ്പള്ളി തിരഞ്ഞെടുപ്പിനുമുമ്പാണ് തങ്ങളുടെ പ്രിയപ്പെട്ട നേതാവായിരുന്ന ഉമ്മൻചാണ്ടിയെ ഇത്തരത്തിൽ കുടുക്കിയതെന്ന വിവരം പുറത്തുവന്നിരുന്നതെങ്കിൽ ജനത്തിന്റെ പ്രതികരണം അരലക്ഷത്തിനു മുകളിലുള്ള ഭൂരിപക്ഷത്തിന്റേതായിരുന്നേനെ.

തിരഞ്ഞെടുപ്പുപ്രചാരണത്തിന്റെ തുടക്കത്തിൽ, ഒരു വികസനവും നടത്താത്ത ഉമ്മൻചാണ്ടിയെയാണ് പുതുപ്പള്ളിക്കാർ പന്ത്രണ്ടു തവണ തിരഞ്ഞെടുത്തതെന്ന ഇടതുമുന്നണി പ്രചാരണം മരണമടഞ്ഞ ഉമ്മൻചാണ്ടിക്ക് അപമാനം ഉണ്ടാക്കിയില്ലെങ്കിലും പുതുപ്പള്ളിക്കാർക്കു മുഴുവൻ അപമാനകരമായി മാറി. പുതുപ്പള്ളിവോട്ടർമാർ വിവരമില്ലാത്തവരാണെന്ന പ്രചാരണം അവരുടെ ആത്മാഭിമാനത്തിന് മുറിവേല്പിച്ചു. എം.എൽ.എ. ഓഫീസ് ഇല്ലാത്ത സ്ഥലം, ഞായറാഴ്ച മാത്രം മണ്ഡലത്തിലെത്തുന്ന ജനപ്രതിനിധി ഇങ്ങനെ തുടങ്ങി ഇടതുപ്രചാരണം. ഇതോടൊപ്പം മത്സരം തുടങ്ങിയപ്പോൾ മുതൽ പുതുപ്പള്ളിയിൽ എത്തിയ മാധ്യമപ്പട അവരുടേതായ രീതിയിലും പുതുപ്പള്ളിയെ ചെറുതായി കാണാൻ മത്സരിച്ചു. ഒരു മുനിസിപ്പാലിറ്റിപോലും ഉൾപ്പെടാത്ത മണ്ഡലത്തിൽ ഇന്നിന്റെ ആവശ്യങ്ങളായ വിമാനത്താവളമോ തുറമുഖമോ റെയിൽവേസ്റ്റേഷനോ എന്തിനേറെ സിനിമാതിയേറ്ററോ സ്റ്റേഡിയമോപോലും ഇല്ലാത്തതായിരുന്നു ചാനലുകൾ മത്സരിച്ച് റിപ്പോർട്ടു ചെയ്തത്.

വാഹനങ്ങളുടെ എണ്ണം കൂടിവരുന്ന കാലത്ത് മുൻമുഖ്യമന്ത്രിയുടെ നാട്ടിലെ റോഡുകൾ ആറുവരികൾ ആക്കേണ്ടതല്ലായിരുന്നോ, പാലങ്ങൾക്ക് വീതി കൂട്ടേണ്ടതല്ലായിരുന്നോ എന്നൊക്കെ സംശയം പ്രകടിപ്പിച്ചവർ 8-ാം തീയതി ആദ്യറൗണ്ട് വോട്ട് എണ്ണിക്കഴിഞ്ഞപ്പോഴേക്കും മനസ്സിലാക്കി, ഉമ്മൻചാണ്ടി പുതുപ്പള്ളിയിലെ ഓരോ ഭവനത്തിലേക്കുമാണ് കരുതലിന്റെ ആറുവരിപ്പാത പണിതതെന്നും ഓരോ വോട്ടറുടെ മനസ്സിലേക്കുമാണ് സ്നേഹത്തിന്റെ പാലംപണിതതെന്നും. കടുത്ത മത്സരമാണ് നടക്കുന്നതെന്ന് മത്സരദിവസം വരെ റിപ്പോർട്ട് ചെയ്തിരുന്നവർ 5-ാം തീയതി വോട്ടെടുപ്പു പൂർത്തിയായി ആറു മണി കഴിഞ്ഞപ്പോൾ മുതൽ 25000 വോട്ടിന്റെ ഭൂരിപക്ഷമെങ്കിലും ചാണ്ടി ഉമ്മനു ലഭിച്ചില്ലെങ്കിൽ പിന്നെ യുഡിഎഫിന്റെ വിജയത്തിനു പ്രസക്തിയില്ലെന്നുവരെ പറഞ്ഞുവച്ചു. സഹതാപതരംഗം, ബിജെപി വോട്ട് മറിച്ചു തുടങ്ങി പരാജയത്തിനുള്ള ഇടതുപക്ഷന്യായങ്ങൾ തങ്ങളുടെ നാണക്കേട് മറച്ചുകൊണ്ട് ചില ചാനലുകൾ അപ്പോഴും നിരത്തുണ്ടായിരുന്നു.

തിരഞ്ഞെടുപ്പുഫലം റിപ്പോർട്ടു ചെയ്ത ദിവസവും ഈ ഇരട്ടത്താപ്പ് ഏതാനും ചാനലുകൾക്കു വിനയായി. തങ്ങളാണ് ഏറ്റവും പുതിയ ലീഡ് പ്രേക്ഷകരിൽ എത്തിക്കുന്നതെന്നു വരുത്തിത്തീർക്കാൻ യഥാർഥ ഭൂരിപക്ഷത്തേക്കാൾ കുറച്ചുകൂടി വർധിപ്പിച്ചു റിപ്പോർട്ട് ചെയ്തുകൊണ്ടിരുന്നു ചില ചാനലുകാർ. എണ്ണിത്തീർത്ത വോട്ടുകളിൽ 40000 ത്തിലധികം ഭൂരിപക്ഷവും അറിയിച്ചു. ഇനി 2800 വോട്ടുകൾ കൂടി എണ്ണാനുണ്ടെന്നുകൂടി വിളമ്പി. എന്നാൽ, യഥാർഥ ഭൂരിപക്ഷം 37719 മാത്രമായിരുന്നു. അപ്പോൾ വോട്ടെണ്ണൽദിവസവും പ്രേക്ഷകരെ അപഹാസ്യരാക്കാൻ ചിലർ ശ്രമിച്ചെന്നു വിശ്വസിക്കേണ്ടിവരും.

വിവിധ നികുതിവർധനമൂലം ജീവിതച്ചെലവ് താങ്ങാവുന്നതിലധികം വർധിച്ച സമയത്തും സംസ്ഥാനം കടുത്ത സാമ്പത്തിക പ്രതിസന്ധിയിലായിട്ടും സർക്കാർ ധൂർത്ത് നടത്തുന്നു എന്ന വാർത്തകളിൽ ജനങ്ങൾ കടുത്ത അമർഷത്തിലായിരുന്നു. ഇതേസമയം സർക്കാരിനെതിരേ ഉയർന്ന സാമ്പത്തികഅഴിമതികളും വിവിധ സഹകരണബാങ്ക് തട്ടിപ്പുകളിൽ വ്യക്തമായ നിയമനടപടികൾ സ്വീകരിക്കാത്തതും ജനങ്ങൾക്കുള്ള എതിർപ്പിന് ആക്കംകൂട്ടി. കെ. റെയിലിനായുള്ള ബലംപിടിത്തവും കർഷകരുടെ നെല്ലിന് യഥാസമയം വില നൽകുന്നില്ലെന്ന നടൻ ജയസൂര്യയുടെ വെളിപ്പെടുത്തലും ഉമ്മൻചാണ്ടിയെക്കുറിച്ച് നല്ലതു പറഞ്ഞു എന്നതിന്റെ പേരിൽ മൃഗാശുപത്രിയിലെ താത്കാലിക ജീവനക്കാരി സതിയമ്മയെ പിരിച്ചുവിട്ടതും, ഓണക്കിറ്റ് പരിമിതപ്പെടുത്തിയതും, ഹൈക്കോടതി തടഞ്ഞിട്ടും ഇടുക്കി ജില്ലാ സി.പി.എം. ഓഫീസ് പണി തുടർന്നതും വ്യാപകമായ പിൻവാതിൽ നിയമനങ്ങളും സാധാരണക്കാരെ ഇടതുമുന്നണിക്കെതിരേ ചിന്തിക്കാൻ പ്രേരിപ്പിച്ചു. കഴിഞ്ഞ നിയമസഭാതിരഞ്ഞെടുപ്പിൽ കിറ്റ് വാങ്ങി കബളിപ്പിക്കപ്പെടുകയായിരുന്നു എന്ന ബോധ്യവും പലർക്കും ഉണ്ടായി.

എല്ലാറ്റിനുമുപരി ഉമ്മൻചാണ്ടിയോടുള്ള വൈകാരിക അടുപ്പവും മരണശേഷവും അദ്ദേഹത്തെയും കുടുംബാംഗങ്ങളെയും വേട്ടയാടുന്നു എന്ന ചിന്തയും ദുഷ്പ്രചാരണങ്ങളിൽപ്പെട്ട് ഉമ്മൻചാണ്ടിയോട് അകന്നുപോയതിലുള്ള കുറ്റബോധവും വോട്ടെടുപ്പിൽ പ്രകടമായി. ജീവിച്ചിരുന്ന ഉമ്മൻചാണ്ടിയേക്കാൾ മരിച്ച ഉമ്മൻചാണ്ടിയാണ് ശക്തനെന്ന യാഥാർഥ്യം അടിവരയിടുന്നതാണ് മൊത്തമുള്ള 182 ബൂത്തുകളിൽ 181 ലും ചാണ്ടി ഉമ്മനു ലഭിച്ച ഭൂരിപക്ഷം.

ഉപതിരഞ്ഞെടുപ്പിൽ വിജയിച്ച ചാണ്ടി ഉമ്മൻ സഭയിലെത്തിയ ദിവസംതന്നെ സോളാർ കേസിലെ സിബിഐ റിപ്പോർട്ടിനെ ആധാരമാക്കി നിയമസഭയിൽ വന്ന അടിയന്തരപ്രമേയചർച്ചയിൽ ഭരണപ്രതിപക്ഷഭേദമെന്യേ എല്ലാവരും ഒരേ സ്വരത്തിൽ കേസിന്റെ പേരിൽ ഉമ്മൻചാണ്ടിയെ ക്രൂശിച്ചത് ശരിയായില്ലെന്നു പറഞ്ഞു. ആരാണ് ഉമ്മൻചാണ്ടിയെ കുരിശിൽ തറച്ചതെന്ന കാര്യത്തിൽ മാത്രമായിരുന്നു തർക്കം. ഉമ്മൻചാണ്ടി ജീവിച്ചിരുന്നപ്പോൾ എപ്പോഴും പറയുമായിരുന്ന ഒരു കാര്യമുണ്ടായിരുന്നു: "ഞാൻ തികഞ്ഞ ദൈവവിശ്വാസിയാണ് അവസാനം സത്യം ജയിക്കും." സത്യം വിജയിച്ചു കാണാൻ അദ്ദേഹത്തിന്റെ ആത്മാവിനാണു ഭാഗ്യം ഉണ്ടായത്. കഥ മെനഞ്ഞവർക്കും ആരോപണം ഉന്നയിച്ചവർക്കും കുരുക്കു മുറുകുന്നതാണ് ഇപ്പോൾ കേരളം കണ്ടുകൊണ്ടിരിക്കുന്നത്. നീതിമാനായിരുന്ന ഉമ്മൻചാണ്ടിയെ പീഡിപ്പിച്ച വിഷയത്തിൽ ബന്ധപ്പെട്ടവർ തെറ്റ് ഏറ്റുപറഞ്ഞ് കേരളസമൂഹത്തോട് മാപ്പു പറയാത്ത പക്ഷം ഈ വിഷയം നീറിപ്പുകഞ്ഞുനിന്ന് വരാൻപോകുന്ന പാർലമെന്റ് തിരഞ്ഞെടുപ്പിൽ പുതുപ്പള്ളിക്കാർ ഉപയോഗിച്ച വോട്ടവകാശം എന്ന ആയുധം കേരളത്തിലെ ഇരുപതു പാർലമെന്റ് മണ്ഡലങ്ങളിലും വോട്ടർമാർ പ്രയോജനപ്പെടുത്തുന്ന കാഴ്ചയും കേരളം കാണേണ്ടിവരും.



മത്സരിക്കുന്ന സ്ഥാനാർഥികളുടെയും കുടുംബാംഗങ്ങളുടെപോലും സ്വകാര്യജീവിതത്തെ പൊതുസമൂഹത്തിലേക്കു കൊണ്ടുവരുന്ന സൈബർ പോരാളികളെ അതത് പാർട്ടികൾ നിയന്ത്രിക്കുന്നില്ലെങ്കിൽ അക്കൂട്ടർക്കെതിരേയുള്ള വികാരം പോളിങ്ബൂത്തിലെത്തുന്ന വോട്ടർമാർ പ്രകടിപ്പിക്കുമെന്ന പാഠമാണ് പുതുപ്പള്ളി ഉപതിരഞ്ഞെടുപ്പു ഫലം നൽകുന്നത്. ■

# GERMAN LANGUAGE TRAINING INSTITUTE KADANAD - PALA



കടനാട് Angel German Training Institute ൽ B2 ജർമൻ പഠനം തുടങ്ങിയത് ഇനിയും നിങ്ങളറിഞ്ഞില്ലേ! ആദ്യത്തെ ബാച്ച് ഈ മാസം അവസാനം കോഴ്സ് വിജയകരമായി പൂർത്തിയാക്കും.

അടുത്ത ബാച്ച് ഒക്ടോബർ ഒന്നിന് ആരംഭിക്കുന്നു. അതിനുള്ള ബുക്കിംഗ് തുടങ്ങിക്കഴിഞ്ഞു.

ജർമനിയിൽനിന്നുള്ള അധ്യാപകരും എം.എസ്.ടി. വൈദികരും സംയുക്തമായി നടത്തുന്ന ഈ സംരംഭം കേരളത്തിൽ ഇതാദ്യമാണ്. B2 തോറ്റവർക്കും B1 കഴിഞ്ഞവർക്കും ഏറ്റവും കുറഞ്ഞ ചെലവിൽ ജർമനിയിലെത്താൻ സഹായിക്കുന്ന ഈ കോഴ്സിൽ ചേരാൻ താത്പര്യമുള്ളവർ ഉടനെ ബന്ധപ്പെടുക.

Mob: 8281687443 (p) 8301994826 (o)

B2 എഴുതി പരാജയപ്പെട്ടോ? നിരാശപ്പെടേണ്ടാ !

ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേകം ഹോസ്റ്റൽ സൗകര്യം

---

916 സ്വർണ്ണാഭരണങ്ങളുടെ പാലായിലെ അതിവിശാലമായ ഷോറൂം..!



## മൂഴയിൽ ജൂവലറി

മെയിൻ റോഡ്, പാലാ,

Phone: 212498 , 211028

സഹോദരസ്ഥാപനം:

**മൂഴയിൽ ഫൈനാൻസിയേഴ്സ്**

മാർക്കറ്റ് റോഡ്, OPP. സിവിൽസ്റ്റേഷൻ, പാലാ

ഫോൺ: 212269

100 രൂപയ്ക്ക് മാസം 1½ രൂപാ മാത്രം പലിശ

---

## കൊറ്റത്തിൽ ആയുർവ്വേദ ഹോസ്പിറ്റൽ



ചപ്പാത്ത്, അയർക്കുന്നം കോട്ടയം

Phone: 0481-2545588, 9447054461

E-mail : mail@kottathilayurveda.com

Website: www.kottathilayurveda.com

- മസ്തിഷ്കരോഗങ്ങൾ
- നട്ടെല്ല് രോഗങ്ങൾ
- അസ്ഥിരോഗങ്ങൾ
- സന്ധിരോഗങ്ങൾ
- ശിശുരോഗങ്ങൾ
- സ്ത്രീരോഗങ്ങൾ (ആന്റോ-നൈറ്റൽ രോഗങ്ങൾ)
- ത്വക്‌രോഗങ്ങൾ
- വാർദ്ധക്യ രോഗങ്ങൾ

വിവിധങ്ങളായ കേരളീയ ചികിത്സാക്രമങ്ങളും പഞ്ചകർമ്മങ്ങളും (നസ്യം, വമനം, വിരേചനം, കഷായവസ്തി, രക്തമോക്ഷം) വിദഗ്ധരുടെ മേൽനോട്ടത്തിൽ ഔട്ട്പേഷ്യന്റായും (O.P.) ഇൻപേഷ്യന്റായും (I.P.) ചെയ്യുന്നു.

---

## ST. MARY'S ENGINEERING INSTITUTE

Recognised Under DTE, Govt. of Kerala

KRISHNA, EDAMATTOM ROAD, MURIKKUMPUZHA, PALA-686575, KOTTAYAM DT.

ESTD: 1963

### 2023 – 24 അഡ്മിഷൻ തുടരുന്നു

കേരള ഗവ. റഗുലർ/ഈവനിംഗ് എൻജിനീയറിംഗ് കോഴ്സുകൾ

1. സിവിൽ എൻജിനീയറിംഗ്
2. മെക്കാനിക്കൽ എൻജിനീയറിംഗ്
3. ഇലക്ട്രിക്കൽ എൻജിനീയറിംഗ്
4. ഓട്ടോമൊബൈൽ എൻജിനീയറിംഗ്
5. റഫ്രിജറേഷൻ & എയർകണ്ടീഷനിംഗ് എൻജിനീയറിംഗ്
6. ഇലക്ട്രോണിക്സ് & കമ്മ്യൂണിക്കേഷൻ എൻജിനീയറിഗ്
7. കംപ്യൂട്ടർ എൻജിനീയറിഗ്

പ്രോസ്പെക്ടസിന് Rs. 150/-

**കോഴ്സ് നിബന്ധനകൾ**

1. എസ്.എസ്.എൽ.സി. ജയിച്ചതോ, പ്ലസ്ടു (ജയിച്ചതോ/തോറ്റതോ)വിദ്യാർത്ഥിനി-വിദ്യാർത്ഥികൾക്ക് അപേക്ഷിക്കാം. ഈവനിംഗ്/ മോർണിംഗ് ക്ലാസുകളുടെ കാലാവധി 2 വർഷമാണ്. ഈവനിംഗ് ക്ലാസുകൾക്ക് പ്രവേശനത്തിന് പ്രായപരിധിയില്ല.
2. ഈവനിംഗ് കോഴ്സുകളുടെ സമയം എല്ലാ പ്രവൃത്തിദിവസങ്ങളിലും വൈകിട്ട് 5.30 മുതൽ രാത്രി 9.30 വരെയായിരിക്കും.
3. ഇന്റർനാഷണൽ കമ്പനികളുടെ ക്യാമ്പസ് ഇന്റർവ്യൂ സെലക്ഷൻ.
4. സർക്കാർ/ അർദ്ധസർക്കാർ/ഗവൺമെന്റ് അംഗീകൃതസ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ജോലി ചെയ്യുന്ന അറ്റൻഡർ, പ്യൂൺ, ലാബ് അസിസ്റ്റന്റ് തുടങ്ങി എല്ലാ 4-ാം ഗ്രേഡ് ജീവനക്കാർക്കും അതത് സ്ഥാപനത്തിന്റെ മേധാവി അനുവദിക്കുന്ന എൻ.ഒ.സി., പ്രവൃത്തിപരിചയസർട്ടിഫിക്കറ്റ് എന്നിവയുടെ അടിസ്ഥാനത്തിലാണ് സായാഹ്നക്ലാസിൽ പ്രവേശനം നൽകുന്നത്.
5. SC/ST/OEC വിഭാഗങ്ങൾക്ക് ഗവ. ആനുകൂല്യങ്ങൾ ലഭ്യമാണ്. പി.എസ്.സി. നടത്തുന്ന പരീക്ഷകൾക്കും എംപ്ലോയ്മെന്റ് വഴിയുള്ള നിയമനങ്ങൾക്കും വിദേശജോലികൾക്കും സ്വയംതൊഴിൽ നേടുന്നതിനും ഈ കോഴ്സ് പ്രയോജനപ്പെടുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് പാലാ ഇടമറ്റം റോഡിൽ മുരിക്കുംപുഴയിൽ പ്രവർത്തിക്കുന്ന സെന്റ് മേരീസ് എൻജിനീയറിംഗ് ഇൻസ്റ്റിറ്റ്യൂട്ടുമായി നേരിട്ടോ താഴെ പറയുന്ന ഫോൺനമ്പരിലോ ബന്ധപ്പെടുക.

എല്ലാ കോഴ്സുകളിലും പി.എസ്.സി. മുഖേന ജോലി ലഭിക്കുന്നു

*K. UNNIKRISHNAN NAIR*
*CHAIRMAN*
*PH: 9447809605, 04822-212795*

*S. SREEKUMARY M.Sc.*
*PRINCIPAL*
*PH: 9447869882, 04822-214132*

---



60 Years Trust

KTS PRODUCTS

SINCE 1995

## Tastit

ടേസ്റ്റിറ്റ്

മൈക്രോഫിൽറ്റർ ചെയ്ത ശുദ്ധമായ നാടൻ വെളിച്ചെണ്ണ

ISO 9001-2015 CERTIFIED COMPANY

www.tastitcoconutoil.com

E-mail: kunneloilmills@gmail.com

Customer Care No: 04822262835

കുന്നേൽ കോക്കനട്ട് ഓയിൽ ഇൻഡസ്ട്രീസ്, രാമപുരം

Deepanalam Weekly
RNI No : 16998/68
Vol. 56 No. 28 Date of Publication 14 Sept 2023
Annual Subscription Rate ₹ 400 (For Abroad ₹ 4500)
Registered No. KL/KTM/12/2021-2023
License No.KL/CR/KTM/WPP-11/2021-2023
Licensed to post without pre-payment




Printed & Published by Fr. Joseph Thadathil on behalf of Deepanalam Society Palai, Reg. No. 69/77 and printed at Deepanalam printings Palai P.O., Pin-686575 and Published at Palai, Kottayam Dist. Kerala, Pin -686575 • Editor - Fr. Kurian Thadathil * Responsible for selection of news under PRB Act.
• Ph: 04822-212842 • 7306874714 • Fax: 04822-212842 • Email: editordeepanalam@gmail.com • deepanalam@rediffmail.com • website: www.deepanalam.org